# ക്രിസ്തുവിനെ അനുഭവമാക്കുകയും, ആസ്വദിക്കുകയും, ആവിഷ്കരിക്കുകയും ചെയ്യുക (2)

ദൂത് രണ്ട്

## വിമോചകനും നമ്മെ അത്യധികം ജയം നേടുന്നവരും ആക്കുന്ന ക്രിസ്തു

EM *Hymns*: ML157, ML161

തിരുവെഴുത്ത് വായന: റോമ. 8:2, 31-39

റോമ. 8:2 എന്തെന്നാൽ ജീവന്റെ ആത്മാവിന്റെ പ്രമാണം എന്നെ പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽനിന്ന് ക്രിസ്തു യേശുവിൽ സ്വതന്ത്രനാക്കിയിരിക്കുന്നു.

റോമ. 8:31 അപ്പോൾ ഈ കാര്യങ്ങളോട് നാം എന്ത് പറയേണം? ദൈവം നമുക്ക് അനുകൂലം എങ്കിൽ, നമുക്കു പ്രതികൂലം ആർ?

റോമ. 8:32 തീർച്ചയായും, തന്റെ സ്വന്ത പുത്രനെ അവശേഷിപ്പിക്കാതെ, നമുക്കെല്ലാവർക്കും വേണ്ടി അവനെ ഏൽപ്പിച്ചുതന്നവൻ, അവനോടുകൂടെ സകലവും നമുക്ക് സൗജന്യമായി എങ്ങനെ നൽകാതിരിക്കും?

റോമ. 8:33 ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ടവർക്ക് എതിരെ ആർ ആരോപണം ഉന്നയിക്കും? ദൈവമാകുന്നു നീതീകരിക്കുന്നവൻ.

റോമ. 8:34 കുറ്റംവിധിക്കുന്നവൻ ആർ? ക്രിസ്തു യേശു അത്രേ മരിച്ചവൻ, അതിലുപരി, ഉയിർപ്പിക്കപ്പെട്ടവനും, ദൈവത്തിന്റെ വലത്തുഭാഗത്ത് ഉള്ളവനും, നമുക്കു വേണ്ടി പക്ഷവാദം ചെയ്യുന്നവനും.

റോമ. 8:35 ക്രിസ്തുവിന്റെ സ്നേഹത്തിൽനിന്ന് നമ്മെ ആർ വേർപെടുത്തും? കഷ്ടതയോ പീഡയോ ഉപദ്രവമോ ക്ഷാമമോ നഗ്നതയോ ആപത്തോ വാളോ?

റോമ. 8:36 "നിന്റെ നിമിത്തം ദിവസം മുഴുവനും ഞങ്ങളെ മരണത്തിന് ഏൽപ്പിക്കുന്നു; അറുക്കുവാനുള്ള ആടുകളായി ഞങ്ങളെ കണക്കാക്കിയിരിക്കുന്നു" എന്ന് എഴുതിയിരിക്കുന്നതുപോലെ തന്നെ.

റോമ. 8:37 എന്നാൽ നമ്മെ സ്നേഹിച്ചവനിലൂടെ ഈ സകല കാര്യങ്ങളിലും നാം അത്യധികം ജയം നേടുന്നു.

റോമ. 8:38 മരണത്തിനോ ജീവനോ ദൂതന്മാർക്കോ വാഴ്ച്ചകൾക്കോ ഇപ്പോഴുള്ള കാര്യങ്ങൾക്കോ വരുവാനുള്ള കാര്യങ്ങൾക്കോ ശക്തികൾക്കോ

റോമ. 8:39 ഉയരത്തിനോ ആഴത്തിനോ മറ്റേതെങ്കിലും ജീവിക്കോ, നമ്മുടെ കർത്താവായ ക്രിസ്തു യേശുവിലുള്ള ദൈവസ്നേഹത്തിൽനിന്ന് നമ്മെ വേർപെടുത്തുവാൻ സാധിക്കുകയില്ല എന്ന് എനിക്ക് ബോധ്യമായിരിക്കുന്നു.

**I. ജീവന്റെ ആത്മാവിന്റെ പ്രമാണത്താൽ നമുക്ക് ക്രിസ്തുവിനെ നമ്മുടെ വിമോചകനായി അനുഭവമാക്കുവാനും ആസ്വദിക്കുവാനും ആവിഷ്കരിക്കുവാനും കഴിയും—റോമ. 8:2:**

റോമ. 8:2 എന്തെന്നാൽ ജീവന്റെ ആത്മാവിന്റെ പ്രമാണം എന്നെ പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽനിന്ന് ക്രിസ്തു യേശുവിൽ സ്വതന്ത്രനാക്കിയിരിക്കുന്നു.

A. റോമർ 8-ലെ ജീവന്റെ ആത്മാവിന്റെ പ്രമാണത്തിന്റെ ആസ്വാദനം, റോമർ 12-ലെ ക്രിസ്തുവിന്റെ ശരീരത്തിന്റെ യാഥാർഥ്യത്തിലേക്ക് നമ്മെ ആനയിക്കുന്നു; നാം ശരീരത്തിലും ശരീരത്തിനുവേണ്ടിയും ജീവിക്കുമ്പോൾ

ഈ പ്രമാണം നമ്മുടെ ഉള്ളിൽ പ്രവർത്തിക്കുന്നു—8:2, 28-29; 12:1-2, 11; ഫിലി. 1:19.

Rom 8 be omitted.

റോമ. 8:2 എന്തെന്നാൽ ജീവന്റെ ആത്മാവിന്റെ പ്രമാണം എന്നെ പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽനിന്ന് ക്രിസ്തു യേശുവിൽ സ്വതന്ത്രനാക്കിയിരിക്കുന്നു.

റോമ. 8:28 ദൈവത്തെ സ്നേഹിക്കുന്നവർക്ക്, തന്റെ ഉദ്ദേശ്യപ്രകാരം വിളിക്കപ്പെട്ടവർക്ക്, സകല കാര്യങ്ങളും നന്മയ്ക്കായി ഒന്നിച്ച് പ്രവർത്തിക്കുന്നു എന്ന് നാം അറിയുന്നു.

റോമ. 8:29 എന്തുകൊണ്ടെന്നാൽ അവൻ മുന്നറിഞ്ഞവരെ, തന്റെ പുത്രൻ അനേകം സഹോദരന്മാരിൽ ആദ്യജാതൻ ആകേണ്ടതിന്, അവന്റെ സ്വരൂപത്തോട് അനുരൂപരാകുവാൻ മുൻനിയമിച്ചിരിക്കുന്നു;

റോമ. 12:1 അതുകൊണ്ട് സഹോദരന്മാരേ, ദൈവത്തിന്റെ മനസ്സലിവുകളിലൂടെ നിങ്ങളുടെ ശരീരങ്ങളെ വിശുദ്ധവും, ദൈവത്തിന് സുപ്രസാദകരവുമായ, ജീവനുള്ള യാഗമായി അർപ്പിക്കുവാൻ ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു, അത് നിങ്ങളുടെ ബുദ്ധിപൂർവകമായ സേവനം ആകുന്നുവല്ലോ.

റോമ. 12:2 ഈ യുഗത്തിനൊത്തവണ്ണം പരിഷ്കൃതരാകാതെ, നല്ലതും സുപ്രസാദകരവും തികഞ്ഞതുമായ ദൈവഹിതം എന്തെന്ന് നിങ്ങൾ തെളിയിക്കേണ്ടതിന് മനസ്സിന്റെ പുതുക്കത്താൽ രൂപാന്തരപ്പെടുവിൻ.

റോമ. 12:11 തീക്ഷ്ണതയിൽ അലസരാകരുത്, കർത്താവിനെ സേവിച്ചുകൊണ്ട് ആത്മാവിൽ എരിവുള്ളവരാകുവിൻ.

ഫിലി. 1:19 നിങ്ങളുടെ അപേക്ഷയാലും യേശു ക്രിസ്തുവിന്റെ ആത്മാവിന്റെ ധാരാളമായ സഹായത്താലും ഇത് എനിക്ക് രക്ഷയ്ക്കായി ഭവിക്കും എന്നു ഞാൻ അറിയുന്നു,

B. ഓരോ ജീവനും ഒരു പ്രമാണമുണ്ട്, ഒരു പ്രമാണംപോലും ആണ്; ദൈവത്തിന്റെ ജീവൻ ഏറ്റവും ഉന്നത ജീവനാണ്, ഈ ജീവന്റെ പ്രമാണം ഏറ്റവും ഉന്നത പ്രമാണവും ആണ്—പ്ര.നി. യോഹ. 1:4-5; 12:24; 14:6; 10:10; 1 കൊരി. 15:45.

യോഹ. 1:4 അവനിൽ ജീവൻ ഉണ്ടായിരുന്നു, ജീവൻ മനുഷ്യരുടെ വെളിച്ചം ആയിരുന്നു.

യോഹ. 1:5 വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു, ഇരുൾ അതിനെ ജയിച്ചതുമില്ല.

യോഹ. 12:24 സത്യമായി, സത്യമായി, ഞാൻ നിങ്ങളോട് പറയുന്നു, ഗോതമ്പുമണി നിലത്തു വീണു ചാകുന്നില്ല എങ്കിൽ, അതു തനിയേ വസിക്കുന്നു; എന്നാൽ അത് ചാകുന്നു എങ്കിൽ, വളരെ ഫലം കായ്ക്കുന്നു.

യോഹ. 14:6 യേശു അവനോട്, വഴിയും യാഥാർഥ്യവും ജീവനും ഞാൻ ആകുന്നു; എന്നിലൂടെ അല്ലാതെ ആരും പിതാവിന്റെ അടുക്കൽ വരുന്നില്ല.

യോഹ. 10:10b ...അവർക്ക് ജീവൻ ഉണ്ടാകുവാനും സമൃദ്ധമായി ഉണ്ടാകുവാനും ഞാൻ വന്നിരിക്കുന്നു.

1 കൊരി. 15:45b ...ഒടുക്കത്തെ ആദാം ജീവൻ-നൽകുന്ന ആത്മാവ് ആയിത്തീർന്നു.

C. ഒരു "ശാസ്ത്രീയ" പ്രമാണമായി, ഒരു സ്വയംപ്രവർത്തിക്കുന്ന തത്ത്വമായി, നമ്മുടെ ആത്മാവിൽ സ്ഥാപിക്കപ്പെട്ട ജീവന്റെ ആത്മാവിന്റെ പ്രമാണമായിത്തീരുവാൻ ത്രിയേക ദൈവം ജഡാവതാരം, ക്രൂശുമരണം, പുനരുത്ഥാനം, ആരോഹണം എന്നിവയിലൂടെ പ്രക്രിയാവിധേയനായിരിക്കുന്നു; ഇത് ദൈവത്തിന്റെ വ്യവസ്ഥയിലെ ഏറ്റവും വലിയ കണ്ടെത്തലുകളിൽ, പ്രത്യുദ്ധാരങ്ങളിൽപോലും ഒന്നാണ്—റോമ. 8:2-3, 11, 34, 16.

റോമ. 8:2 എന്തെന്നാൽ ജീവന്റെ ആത്മാവിന്റെ പ്രമാണം എന്നെ പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽനിന്ന് ക്രിസ്തു യേശുവിൽ സ്വതന്ത്രനാക്കിയിരിക്കുന്നു.

റോമ. 8:3 ജഡത്താലുള്ള ബലഹീനതയിൽ, ന്യായപ്രമാണത്തിന് ചെയ്യുവാൻ കഴിയാത്തതിനെ, ദൈവം തന്റെ പുത്രനെ പാപജഡത്തിന്റെ സാദൃശ്യത്തിലും പാപം സംബന്ധിച്ചും അയച്ച്, പാപത്തെ ജഡത്തിൽ ശിക്ഷവിധിച്ചു,

റോമ. 8:11 യേശുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നുവെങ്കിൽ, ക്രിസ്തുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവൻ നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവിലൂടെ നിങ്ങളുടെ മർത്യശരീരങ്ങൾക്കും ജീവൻ നൽകും.

റോമ. 8:34 കുറ്റംവിധിക്കുന്നവൻ ആർ? ക്രിസ്തു യേശു അത്രേ മരിച്ചവൻ, അതിലുപരി, ഉയിർപ്പിക്കപ്പെട്ടവനും, ദൈവത്തിന്റെ വലത്തുഭാഗത്ത് ഉള്ളവനും, നമുക്കു വേണ്ടി പക്ഷവാദം ചെയ്യുന്നവനും.

റോമ. 8:16 നാം ദൈവമക്കളാകുന്നു എന്ന് ആത്മാവുതാനും നമ്മുടെ ആത്മാവോടുകൂടെ സാക്ഷ്യപ്പെടുത്തുന്നു.

D. ജീവന്റെ ആത്മാവിന്റെ പ്രമാണം ദിവ്യജീവന്റെ സ്വതസിദ്ധമായ ശക്തിയാണ്; അത് ദിവ്യജീവന്റെ സ്വാഭാവിക സവിശേഷതയും ജന്മാനാ ഉള്ള, താനേ പ്രവർത്തിക്കുന്ന, പ്രവർത്തനവും ആണ്—വാ. 2; ഫിലി. 2:13; യെഹെ. 36:26-27; സദൃ. 30:18-19; യെശ. 40:28-51; എബ്രാ. 12:2; ഫിലി. 4:13; കൊലൊ. 1:28-29.

റോമ. 8:2 എന്തെന്നാൽ ജീവന്റെ ആത്മാവിന്റെ പ്രമാണം എന്നെ പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽനിന്ന് ക്രിസ്തു യേശുവിൽ സ്വതന്ത്രനാക്കിയിരിക്കുന്നു.

ഫിലി. 2:13 എന്തെന്നാൽ തന്റെ സുപ്രസാദത്തിനു വേണ്ടി ഇച്ഛിക്കുന്നതിനും പ്രവർത്തിക്കുന്നതിനും നിങ്ങളിൽ വ്യാപരിക്കുന്നവൻ ദൈവമാകുന്നു.

യെഹെ. 36:26 ഞാൻ നിങ്ങൾക്കു പുതിയോരു ഹൃദയം തരും; പുതിയോരു ആത്മാവിനെ ഞാൻ നിങ്ങളുടെ ഉള്ളിൽ ആക്കും; കല്ലായുള്ള ഹൃദയം ഞാൻ നിങ്ങളുടെ ജഡത്തിൽനിന്നു നീക്കി മാംസമായുള്ള ഹൃദയം നിങ്ങൾക്കു തരും.

യെഹെ. 36:27 ഞാൻ എന്റെ ആത്മാവിനെ നിങ്ങളുടെ ഉള്ളിൽ ആക്കി നിങ്ങളെ എന്റെ ചട്ടങ്ങളിൽ നടക്കുമാറാക്കും; നിങ്ങൾ എന്റെ വിധികളെ പ്രമാണിച്ചു അനുഷ്ഠിക്കും.

സദൃ. 30:18 എനിക്കു അതിവിസ്മയമായി തോന്നുന്നതു മൂന്നുണ്ടു; എനിക്കു അറിഞ്ഞുകൂടാത്തതു നാലുണ്ടു:

സദൃ. 30:19 ആകാശത്തു കഴുകന്റെ വഴിയും പാറമേൽ സർപ്പത്തിന്റെ വഴിയും സമുദ്രമദ്ധ്യേ കപ്പലിന്റെ വഴിയും കന്യകയോടുകൂടെ പുരുഷന്റെ വഴിയും തന്നേ.

യെശ. 40:28 നിനക്കറിഞ്ഞുകൂടയോ? നീ കേട്ടിട്ടില്ലയോ? യഹോവ നിത്യദൈവം; ഭൂമിയുടെ അറുതികളെ സൃഷ്ടിച്ചവൻ തന്നേ; അവൻ ക്ഷീണിക്കുന്നില്ല, തളർന്നുപോകുന്നതുമില്ല; അവന്റെ ബുദ്ധി അപ്രമേയമത്രേ.

യെശ. 40:29 അവൻ ക്ഷീണിച്ചിരിക്കുന്നവന്നു ശക്തി നല്കുന്നു; ബലമില്ലാത്തവന്നു ബലം വർദ്ധിപ്പിക്കുന്നു.

യെശ. 40:30 ബാല്യക്കാർ ക്ഷീണിച്ചു തളർന്നുപോകും; യൌവനക്കാരും ഇടറിവീഴും.

യെശ. 40:31 എങ്കിലും യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും; അവർ കഴുകന്മാരെപ്പോലെ ചിറകു അടിച്ചു കയറും; അവർ തളർന്നുപോകാതെ ഓടുകയും ക്ഷീണിച്ചുപോകാതെ നടക്കുകയും ചെയ്യും.

എബ്രാ. 12:2a നമ്മുടെ വിശ്വാസത്തിന്റെ കാരണഭൂതനും വിശ്വാസത്തെ തികയ്ക്കുന്നവനുമായ യേശുവിങ്കലേക്ക് നോക്കിക്കൊണ്ടു തന്നെ...

ഫിലി. 4:13 എന്നെ, ശക്തനാക്കുന്നവനിൽ സകലവും ചെയ്യുവാൻ ഞാൻ പ്രാപ്തനാകുന്നു.

കൊലൊ. 1:28 ഏതു മനുഷ്യനെയും ക്രിസ്തുവിൽ പൂർണവളർച്ച എത്തിയവനായി നിർത്തേണ്ടതിന്, സകല ജ്ഞാനത്തോടുംകൂടെ ഏതു മനുഷ്യനെയും പ്രബോധിപ്പിക്കുകയും ഏതു മനുഷ്യനെയും ഉപദേശിക്കുകയും ചെയ്തുകൊണ്ട്, അവനെ ഞങ്ങൾ അറിയിക്കുന്നു;

കൊലൊ. 1:29 അതിനായി ഞാൻ എന്നിൽ ശക്തിയോടെ വ്യാപരിക്കുന്ന അവന്റെ വ്യാപാരത്തിനൊത്തവണ്ണം പോരാടിക്കൊണ്ട് അധ്വാനിക്കുന്നു.

E. കർത്താവുമായുള്ള സമ്പർക്കത്തിൽ തുടർന്നുകൊണ്ട് നാം കർത്താവിനെ സ്പർശിച്ചുകൊണ്ടിരിക്കുമ്പോൾ, ജീവന്റെ ആത്മാവിന്റെ പ്രമാണം സ്വതേ, സ്വതസിദ്ധമായി, അനായാസമായി പ്രവർത്തിക്കുന്നു:

1. നമ്മുടെ സ്വന്തം പ്രയത്നങ്ങളിൽനിന്നും പരിശ്രമങ്ങളിൽനിന്നും നാം അവസാനിപ്പിക്കപ്പെടേണ്ടതുണ്ട്—ഗലാ. 2:20; റോമ. 7:15-20:

ഗലാ. 2:20 ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നത് ഞാൻ അല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു; ...

റോമ. 7:15 ഞാൻ പുറപ്പെടുവിക്കുന്നതിനെ ഞാൻ അംഗീകരിക്കുന്നില്ല; ഞാൻ ഇച്ഛിക്കുന്നത്, ഞാൻ പ്രവർത്തിക്കുന്നില്ല; എന്നാൽ ഞാൻ വെറുക്കുന്നത്, ഞാൻ ചെയ്യുന്നു.

റോമ. 7:16 എന്നാൽ ഞാൻ ഇച്ഛിക്കാത്തത് ഞാൻ ചെയ്യുന്നുവെങ്കിൽ, ഞാൻ ന്യായപ്രമാണത്തോട് അത് നല്ലതെന്ന് സമ്മതിക്കുന്നു.

റോമ. 7:17 ആകയാൽ മേലാൽ അത് പുറപ്പെടുവിക്കുന്നത് ഞാനല്ല, എന്നിൽ വസിക്കുന്ന പാപമത്രേ.

റോമ. 7:18 എന്നിൽ, അതായത് എന്റെ ജഡത്തിൽ, യാതൊരു നന്മയും വസിക്കുന്നില്ല എന്ന് ഞാൻ അറിയുന്നു; നന്മ ചെയ്യുവാൻ ഞാൻ ഇച്ഛിക്കുന്നുണ്ട്, എന്നാൽ പുറപ്പെടുവിക്കുന്നില്ല.

റോമ. 7:19 ഞാൻ ഇച്ഛിക്കുന്ന നന്മയല്ല ഞാൻ ചെയ്യുന്നത്; മറിച്ച് ഞാൻ ഇച്ഛിക്കാത്ത തിന്മയത്രേ ഞാൻ പ്രവർത്തിക്കുന്നത്.

റോമ. 7:20 എന്നാൽ ഞാൻ ഇച്ഛിക്കാത്തതിനെ ഞാൻ ചെയ്യുന്നുവെങ്കിൽ, അത് ഇനിമേൽ ഞാനല്ല, എന്നിൽ വസിക്കുന്ന പാപമത്രേ പുറപ്പെടുവിക്കുന്നത്.

a. പാപം ഒരു പ്രമാണമാണെന്നും നമ്മുടെ ഇച്ഛയ്ക്ക് ഈ പ്രമാണത്തെ ഒരിക്കലും ജയിക്കുവാൻ കഴിയില്ലെന്നും നാം കണ്ടിട്ടില്ലെങ്കിൽ, നാം റോമർ 7-ൽ കുടുങ്ങിയിരിക്കുന്നു; നാം ഒരിക്കലും റോമർ 8-ൽ എത്തുകയില്ല.

Rom 7, 8 be omitted.

b. പൗലൊസ് വീണ്ടും വീണ്ടും ഇച്ഛിച്ചുവെങ്കിലും ഫലം ആവർത്തിച്ചുള്ള പരാജയം മാത്രമായിരുന്നു; ഒരു മനുഷ്യന് കൂടിപ്പോയാൽ ചെയ്യുവാൻ കഴിയുന്ന കാര്യം തീരുമാനങ്ങൾ എടുക്കുക എന്നതാണ്—7:18.

റോമ. 7:18 എന്നിൽ, അതായത് എന്റെ ജഡത്തിൽ, യാതൊരു നന്മയും വസിക്കുന്നില്ല എന്ന് ഞാൻ അറിയുന്നു; നന്മ ചെയ്യുവാൻ ഞാൻ ഇച്ഛിക്കുന്നുണ്ട്, എന്നാൽ പുറപ്പെടുവിക്കുന്നില്ല.

c. പാപം നമ്മിൽ നിദ്രാവസ്ഥയിൽ ആയിരിക്കുമ്പോൾ, അത് കേവലം പാപമാണ്, എന്നാൽ നാം നന്മ ചെയ്യുവാൻ ഇച്ഛിക്കുന്നതിലൂടെ അത് ഉത്തേജിപ്പിക്കപ്പെടുമ്പോൾ, അത് "തിന്മ" ആയിത്തീരുന്നു—"അപ്പോൾ എന്നോടുകൂടെ നന്മ ചെയ്യുവാൻ ഇച്ഛിക്കുന്ന പ്രമാണത്തെ ഞാൻ കണ്ടെത്തുന്നു, എന്തുകൊണ്ടെന്നാൽ തിന്മ എന്നോടുകൂടെ ഉണ്ട്" —വാ. 21

d. ഇച്ഛിക്കുന്നതിനുപകരം, നമ്മുടെ മനസ്സിനെ നാം ആത്മാവിൽ ഉറപ്പിക്കുകയും ആത്മാവിനൊത്തവണ്ണം നടക്കുകയും വേണം—8:6, 4; ഫിലി. 2:13.

റോമ. 8:6 ജഡത്തിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് മരണം ആകുന്നു, എന്നാൽ ആത്മാവിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് ജീവനും സമാധാനവും ആകുന്നു.

റോമ. 8:4 ജഡപ്രകാരമല്ല ആത്മാവിൻപ്രകാരം നടക്കുന്ന നമ്മിൽ, ന്യായപ്രമാണത്തിന്റെ നീതിപരമായ ആവശ്യകത,

നിവൃത്തിയാകേണ്ടതിന് തന്നെ.

ഫിലി. 2:13 എന്തെന്നാൽ തന്റെ സുപ്രസാദത്തിനു വേണ്ടി ഇച്ഛിക്കുന്നതിനും പ്രവർത്തിക്കുന്നതിനും നിങ്ങളിൽ വ്യാപരിക്കുന്നവൻ ദൈവമാകുന്നു.

2. പ്രാർഥനയിലൂടെയും ആശ്രയത്തിന്റെ ഒരു ആത്മാവ് ഉണ്ടായിരിക്കുന്നതിലൂടെയും ഉൾവസിക്കുന്ന, സ്ഥാപിക്കപ്പെട്ട, താനേ പ്രവർത്തിക്കുന്ന, ആന്തരികമായി വ്യാപരിക്കുന്ന ദൈവവുമായി നാം സഹകരിക്കേണ്ടതുണ്ട്, അങ്ങനെ ജീവന്റെ കർത്താവും വേലയുടെ കർത്താവുമായുള്ള നമ്മുടെ കൂട്ടായ്മ നാം നിലനിർത്തുന്നു—1 തെസ്സ. 5:17; എഫെ. 6:17-18.

1 തെസ്സ. 5:17 ഇടവിടാതെ പ്രാർഥിക്കുവിൻ,

എഫെ. 6:17 രക്ഷയുടെ ശിരസ്ത്രവും ആത്മാവിന്റെ വാളും കൈക്കൊള്ളുവിൻ, ആ ആത്മാവ് ദൈവവചനം ആകുന്നു,

എഫെ. 6:18 സകല പ്രാർഥനയും അപേക്ഷയും മുഖാന്തരം, ഏത് നേരത്തും ആത്മാവിൽ പ്രാർഥിച്ചും സകല സ്ഥിരോത്സാഹത്തോടെ ഇതിനായി ജാഗരിച്ചുംകൊണ്ട്, സകല വിശുദ്ധന്മാർക്കും,

3. ജീവന്റെ ആത്മാവിന്റെ പ്രമാണം വ്യാപരിക്കുന്നതിനായി, ദിവ്യജീവന്റെ ഒഴുക്കായ ജീവന്റെ കൂട്ടായ്മയിൽ നിലനിൽക്കുവാൻ നമ്മുടെ ആത്മാവിലുള്ള ജീവബോധത്തിനുവേണ്ടി നാം കരുതണം—റോമ. 8:6, 16; 1 യോഹ. 1:2-3, 6-7.

റോമ. 8:6 ജഡത്തിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് മരണം ആകുന്നു, എന്നാൽ ആത്മാവിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് ജീവനും സമാധാനവും ആകുന്നു.

റോമ. 8:16 നാം ദൈവമക്കളാകുന്നു എന്ന് ആത്മാവുതാനും നമ്മുടെ ആത്മാവോടുകൂടെ സാക്ഷ്യപ്പെടുത്തുന്നു.

1 യോഹ. 1:2 (ജീവൻ വെളിവായി, പിതാവിനോടുകൂടെ ഉണ്ടായിരുന്നതും ഞങ്ങൾക്ക് വെളിവായതുമായ, നിത്യജീവനെ ഞങ്ങൾ കണ്ടിരിക്കുകയും നിങ്ങളോട് സാക്ഷ്യപ്പെടുത്തുകയും അറിയിക്കുകയും ചെയ്യുന്നു);

1 യോഹ. 1:3 ഞങ്ങൾ കണ്ടതും കേട്ടതും, നിങ്ങൾക്കു ഞങ്ങളോടുകൂടെ കൂട്ടായ്മ ഉണ്ടാകേണ്ടതിന് നിങ്ങളോട് അറിയിക്കുന്നു, ഞങ്ങളുടെ കൂട്ടായ്മയോ പിതാവിനോടുകൂടെയും അവന്റെ പുത്രനായ യേശു ക്രിസ്തുവിനോടുകൂടെയും ആകുന്നു.

1 യോഹ. 1:6 നമുക്ക് അവനോടു കൂട്ടായ്മ ഉണ്ടെന്ന് പറയുകയും, എന്നാൽ ഇരുട്ടിൽ നടക്കുകയും ചെയ്യുന്നുവെങ്കിൽ, നാം കള്ളം പറയുന്നു, സത്യം അഭ്യസിക്കുന്നതുമില്ല.

1 യോഹ. 1:7 എന്നാൽ അവൻ വെളിച്ചത്തിൽ ആയിരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ, നമുക്ക് അന്യോന്യം കൂട്ടായ്മയുണ്ട്, അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപത്തിൽനിന്നും നമ്മെ ശുദ്ധീകരിക്കുന്നു.

F. ക്രിസ്തുവിന്റെ ശരീരത്തിൽ നാം ജീവിക്കുന്നതിനും സേവിക്കുന്നതിനുമുള്ള താക്കോൽ നമ്മുടെ ഉള്ളിൽ വ്യാപരിക്കുന്ന ജീവന്റെ ആത്മാവിന്റെ പ്രമാണമാണ്:

1. നാം ദൈവത്തിന്റെ സംഘാത ആവിഷ്കാരമായിത്തീരത്തക്കവണ്ണം ദൈവത്തിന്റെ ആദ്യജാതനായ പുത്രന്റെ സ്വരൂപമായി നമ്മെ രൂപപ്പെടുത്തിക്കൊണ്ട് ജീവന്റെ ആത്മാവിന്റെ പ്രമാണം ദൈവത്വത്തിലല്ല, നമ്മെ ജീവനിലും, പ്രകൃതത്തിലും, ആവിഷ്കാരത്തിലും ദൈവമാക്കുന്നു—റോമ. 8:2, 29.

   റോമ. 8:2 എന്തെന്നാൽ ജീവന്റെ ആത്മാവിന്റെ പ്രമാണം എന്നെ പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽനിന്ന് ക്രിസ്തു യേശുവിൽ സ്വതന്ത്രനാക്കിയിരിക്കുന്നു.

   റോമ. 8:29 എന്തുകൊണ്ടെന്നാൽ അവൻ മുന്നറിഞ്ഞവരെ, തന്റെ പുത്രൻ അനേകം സഹോദരന്മാരിൽ ആദ്യജാതൻ ആകേണ്ടതിന്, അവന്റെ സ്വരൂപത്തോട് അനുരൂപരാകുവാൻ മുൻനിയമിച്ചിരിക്കുന്നു;

2. ജീവന്റെ ആത്മാവിന്റെ പ്രമാണം എല്ലാത്തരം പ്രവർത്തനങ്ങളോടുംകൂടെ ക്രിസ്തുവിന്റെ ശരീരത്തിലെ അവയവങ്ങളായ നമ്മെ സംരചിക്കുന്നു—എഫെ. 4:11-12, 16.

   എഫെ. 4:11 അവൻതന്നെ ചിലരെ അപ്പൊസ്തലന്മാരായും ചിലരെ പ്രവാചകന്മാരായും ചിലരെ സുവിശേഷകന്മാരായും ചിലരെ ഇടയന്മാരും ഉപദേഷ്ടാക്കന്മാരായും നൽകി,

   എഫെ. 4:12 അത് നാം എല്ലാവരും വിശ്വാസത്തിന്റെയും ദൈവപുത്രനെക്കുറിച്ചുള്ള പൂർണ പരിജ്ഞാനത്തിന്റെയും ഒരുമയിലേക്ക്, പൂർണവളർച്ച പ്രാപിച്ച മനുഷ്യനിലേക്ക്, ക്രിസ്തുവിന്റെ നിറവിന്റെ വലിപ്പത്തിന്റെ അളവിലേക്ക് എത്തിച്ചേരുവോളം,

   എഫെ. 4:16 അവനിൽനിന്ന് ശരീരം മുഴുവനും, സമ്പന്ന സഹായത്തിന്റെ സകല സന്ധിയിലൂടെയും ഓരോ അംഗത്തിന്റെ അളവിലുള്ള, വ്യാപാരത്തിലൂടെയും കൂട്ടിച്ചേർക്കപ്പെട്ടും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, സ്നേഹത്തിൽ അതിന്റെതന്നെ കെട്ടുപണിക്കായി ശരീരത്തിന്റെ വളർച്ചയ്ക്ക് ഇടയാക്കുന്നു.

G. താഴെ പറയുന്ന രീതികളിൽ ഈ പ്രമാണത്തെ "സ്വിച്ച് ഓൺ" ചെയ്തുകൊണ്ട് ജീവന്റെ ആത്മാവിന്റെ പ്രമാണമായി ഉള്ളിൽ വ്യാപരിക്കുന്ന ത്രിയേക ദൈവത്തോട് നമുക്ക് സഹകരിക്കുവാൻ കഴിയും:

1. നാം ആത്മാവിനെ അനുസരിച്ച് നടക്കണം—ആത്മാവിൽ ജീവിക്കണം—റോമ. 8:4, പ്ര.നി. സങ്കീ. 23:3:

   റോമ. 8:4 ജഡപ്രകാരമല്ല ആത്മാവിൻപ്രകാരം നടക്കുന്ന നമ്മിൽ, ന്യായപ്രമാണത്തിന്റെ നീതിപരമായ ആവശ്യകത, നിവൃത്തിയാകേണ്ടതിന് തന്നെ.

   സങ്കീ. 23:3 എന്റെ പ്രാണനെ അവൻ തണുപ്പിക്കുന്നു; തിരുനാമംനിമിത്തം എന്നെ നീതിപാതകളിൽ നടത്തുന്നു.

a. ക്രിസ്തുവിനെ അനുഭവമാക്കുന്നതിന്റെ രഹസ്യം എല്ലാ കാര്യങ്ങളും ചെയ്യുവാൻ നമ്മെ ശക്തനാക്കുന്നവനിൽ ആയിരിക്കുന്നതാണ്, അവനിലായിരിക്കുന്നതിന്റെ രഹസ്യം നമ്മുടെ ആത്മാവിലായിരിക്കുന്നതാണ്—ഫിലി. 4:12-13, 23.

ഫിലി. 4:12 താഴ്ചയിൽ ആയിരിക്കുവാൻ എനിക്കറിയാം, സമൃദ്ധിയിൽ ആയിരിക്കുവാനും എനിക്കറിയാം; നിറഞ്ഞിരിക്കുവാനും വിശന്നിരിക്കുവാനും, സമൃദ്ധിയിലായിരിക്കുവാനും ബുദ്ധിമുട്ടിലായിരിക്കുവാനും, ഓരോന്നിലും എല്ലാറ്റിലും ഞാൻ രഹസ്യം പഠിച്ചിരിക്കുന്നു.

ഫിലി. 4:13 എന്നെ, ശക്തനാക്കുന്നവനിൽ സകലവും ചെയ്യുവാൻ ഞാൻ പ്രാപ്തനാകുന്നു.

ഫിലി. 4:23 കർത്താവായ യേശു ക്രിസ്തുവിന്റെ കൃപ നിങ്ങളുടെ ആത്മാവോടു കൂടെ ഇരിക്കട്ടെ.

b. ക്രിസ്തുവിൽ ജീവിക്കുന്നതിന്റെ പ്രായോഗികത നമ്മുടെ ആത്മാവിൽ ജീവിക്കുന്നതാണ്; നാം ആയിരിക്കുന്നതും (2:29; 8:5-6, 9), നമുക്ക് ഉള്ളതും (വാ. 10, 16), ദൈവത്തിനുവേണ്ടി നാം ചെയ്യുന്നതും (1:9; 7:6; 8:4, 12:11) നമ്മുടെ ആത്മാവിലായിരിക്കണമെന്ന് റോമാലേഖനത്തിൽ അപ്പൊസ്തലനായ പൗലൊസ് ഊന്നിപ്പറയുന്നു:

റോമ. 2:29 എന്നാൽ അകമേ യെഹൂദനായവനത്രേ യെഹൂദൻ; അക്ഷരത്തിലല്ല, ആത്മാവിലുള്ള, ഹൃദയപരിച്ഛേദനയത്രേ പരിച്ഛേദന, അവന്റെ പുകഴ്ച്ച മനുഷ്യരിൽ നിന്നല്ല, ദൈവത്തിൽ നിന്നത്രേ ആകുന്നു.

റോമ. 8:5 ജഡപ്രകാരമുള്ളവർ ജഡത്തിന്റെ കാര്യങ്ങൾ ശ്രദ്ധിക്കുന്നു, എന്നാൽ ആത്മാവിൻപ്രകാരമുള്ളവർ ആത്മാവിന്റെ കാര്യങ്ങൾ ശ്രദ്ധിക്കുന്നു.

റോമ. 8:6 ജഡത്തിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് മരണം ആകുന്നു, എന്നാൽ ആത്മാവിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് ജീവനും സമാധാനവും ആകുന്നു.

റോമ. 8:9 എന്നാൽ ദൈവത്തിന്റെ ആത്മാവ് നിശ്ചയമായും നിങ്ങളിൽ വസിക്കുന്നു എങ്കിൽ, നിങ്ങൾ ജഡത്തിലല്ല ആത്മാവിലത്രേ ആകുന്നു. എങ്കിലും ഒരുവന് ക്രിസ്തുവിന്റെ, ആത്മാവില്ലെങ്കിൽ, അവൻ അവനിൽനിന്നുള്ളവനല്ല.

റോമ. 8:10 എന്നാൽ ക്രിസ്തു നിങ്ങളിൽ ഉണ്ടെങ്കിലോ, ശരീരം പാപം നിമിത്തം മരിച്ചതെങ്കിലും, ആത്മാവ് നീതി നിമിത്തം ജീവൻ ആകുന്നു.

റോമ. 8:16 നാം ദൈവമക്കളാകുന്നു എന്ന് ആത്മാവുതാനും നമ്മുടെ ആത്മാവോടുകൂടെ സാക്ഷ്യപ്പെടുത്തുന്നു.

റോമ. 1:9 ഒടുവിൽ ഏതെങ്കിലും വിധത്തിൽ നിങ്ങളുടെ അടുക്കൽ

വരുവാൻ ദൈവഹിതത്തിൽ ഞാൻ അഭിവൃദ്ധിപ്പെടേണ്ടതിന് അപേക്ഷിച്ചുകൊണ്ട്,

റോമ. 7:6 എന്നാൽ നാം എന്തിൽ പിടിച്ചുവയ്ക്കപ്പെട്ടിരുന്നുവോ, അതിനു മരിച്ചിട്ട്, ഇപ്പോൾ നാം അക്ഷരത്തിന്റെ പഴക്കത്തിൽ അല്ല ആത്മാവിന്റെ പുതുക്കത്തിൽ സേവിക്കുവാൻ തക്കവണ്ണം, ന്യായപ്രമാണത്തിൽനിന്ന് മുക്തരായിരിക്കുന്നു.

റോമ. 8:4 ജഡപ്രകാരമല്ല ആത്മാവിൻപ്രകാരം നടക്കുന്ന നമ്മിൽ, ന്യായപ്രമാണത്തിന്റെ നീതിപരമായ ആവശ്യകത, നിവൃത്തിയാകേണ്ടതിന് തന്നെ.

റോമ. 8:13 നിങ്ങൾ ജഡപ്രകാരം ജീവിക്കുന്നു എങ്കിൽ, നിങ്ങൾ മരിക്കണം, എന്നാൽ ആത്മാവിനാൽ ശരീരത്തിന്റെ പ്രവൃത്തികളെ നിങ്ങൾ മരിപ്പിക്കുന്നു എങ്കിൽ, നിങ്ങൾ ജീവിക്കും.

റോമ. 12:11 തീക്ഷ്ണതയിൽ അലസരാകരുത്, കർത്താവിനെ സേവിച്ചുകൊണ്ട് ആത്മാവിൽ എരിവുള്ളവരാകുവിൻ.

1) നമ്മുടെ ആത്മാവിൽ ജീവിക്കുന്നതിന്, കർത്താവിനെ നോക്കുന്നതിനും യേശുവിനോട് കൂട്ടായ്മ ആചരിക്കുവാൻ പ്രാർഥിക്കുന്നതിനും അവന്റെ മുഖപ്രസാദത്തിൽ മുഴുകുന്നതിനും അവന്റെ സൗന്ദര്യത്താൽ സാന്ദ്രീകരിക്കപ്പെടുന്നതിനും അവന്റെ ഉൽകൃഷ്ടത വികിരണം ചെയ്യുന്നതിനും നാം സമയം എടുക്കേണ്ടതാവശ്യമാണ്—2 കൊരി. 3:16, 18; സങ്കീ. 27:4; പ്ര.നി. മത്താ. 6:6; 14:23; പുറ. 33:11; 34:4, അടിക്കുറിപ്പ് 2.

2 കൊരി. 3:16 എന്നാൽ അവരുടെ ഹൃദയം കർത്താവിലേക്ക് തിരിയുമ്പോഴെല്ലാം, മൂടുപടം നീങ്ങിപ്പോകുന്നു.

2 കൊരി. 3:18 എന്നാൽ ഞങ്ങൾ എല്ലാവരും മൂടുപടം നീങ്ങിയ മുഖത്തോടെ, കർത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ നോക്കുകയും പ്രതിബിംബിക്കുകയും ചെയ്തുകൊണ്ട്, കർത്താവായ ആത്മാവിൽ നിന്നെന്നപോലെ, തേജസ്സിൽ നിന്ന് തേജസ്സ് പ്രാപിച്ച് അതേ സ്വരൂപത്തിലേക്ക് രൂപാന്തരപ്പെടുന്നു.

സങ്കീ. 27:4 ഞാൻ യഹോവയോടു ഒരു കാര്യം അപേക്ഷിച്ചു; അതു തന്നേ ഞാൻ ആഗ്രഹിക്കുന്നു; യഹോവയുടെ മനോഹരത്വം കാണ്മാനും അവന്റെ മന്ദിരത്തിൽ ധ്യാനിപ്പാനും എന്റെ ആയുഷ്കാലമൊക്കെയും ഞാൻ യഹോവയുടെ ആലയത്തിൽ പാർക്കേണ്ടതിന്നു തന്നേ.

മത്താ. 6:6 എന്നാൽ നീ, പ്രാർഥിക്കുമ്പോൾ, നിന്റെ സ്വകാര്യമുറിയിലേക്കു പ്രവേശിച്ച്, നിന്റെ വാതിൽ

അടച്ചു, രഹസ്യത്തിലുള്ള നിന്റെ പിതാവിനോടു പ്രാർഥിക്കുക; രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവ് നിനക്കു മടക്കിത്തരും.

മത്താ. 14:23 പുരുഷാരത്തെ അയച്ചശേഷം, അവൻ പ്രാർഥിക്കുവാൻ സ്വകാര്യമായി മലയിലേക്കു കയറിപ്പോയി. രാത്രി ആയപ്പോൾ അവൻ അവിടെ തനിയെ ആയിരുന്നു.

പുറ. 33:11 ഒരുത്തൻ തന്റെ സ്നേഹിതനോടു സംസാരിക്കുന്നതുപോലെ യഹോവ മോശെയോടു അഭിമുഖമായി സംസാരിച്ചു...

പുറ. 34:4 അങ്ങനെ മോശെ മുമ്പിലത്തേവപോലെ രണ്ടു കല്പലക ചെത്തി, അതികാലത്തു എഴുന്നേറ്റു യഹോവ തന്നോടു കല്പിച്ചതുപോല സീനായിപർവ്വതത്തിൽ കയറി; കല്പലക രണ്ടും കയ്യിൽ എടുത്തുകൊണ്ടുപോയി..

note 2 To meet with God in the morning is not only to meet with Him early in the day; it is also to meet with God in a situation that is full of light (cf. Prov. 4:18). Like Moses, we should go to God alone, without any persons, matters, or things to distract or occupy us (v. 3; cf. Mark 1:35).

2) നമ്മുടെ ആത്മാവിൽ ജീവിക്കുന്നതിന്, നാം ഇടവിടാതെ പ്രാർഥിക്കണം—1 തെസ്സ. 5:17; പ്ര.നി. യോഹ. 20:22; വിലാപ. 3:55-56; റോമ. 10:12-13.

1 തെസ്സ. 5:17 ഇടവിടാതെ പ്രാർഥിക്കുവിൻ,

യോഹ. 20:22 ഇതു പറഞ്ഞശേഷം അവൻ അവരിലേക്ക് ഊതി, അവരോട്, പരിശുദ്ധാത്മാവിനെ കൈക്കൊള്ളുവിൻ.

വിലാ. 3:55 യഹോവേ, ഞാൻ ആഴമുള്ള കുണ്ടറയിൽനിന്നു നിന്റെ നാമത്തെ വിളിച്ചപേക്ഷിച്ചിരിക്കുന്നു.

വിലാ. 3:56 എന്റെ നെടുവീർപ്പിന്നും എന്റെ നിലവിളിക്കും ചെവി പൊത്തിക്കളയരുതേ എന്നുള്ള എന്റെ പ്രാർത്ഥന നീ കേട്ടിരിക്കുന്നു.

റോമ. 10:12 യെഹൂദനും യവനനും തമ്മിൽ യാതൊരു വ്യത്യാസവും ഇല്ല, ഒരേ കർത്താവുതന്നെ എല്ലാവരുടെയും കർത്താവും, അവനെ വിളിച്ചപേക്ഷിക്കുന്ന എല്ലാവർക്കും സമ്പന്നനും ആകുന്നു;

റോമ. 10:13 “കർത്താവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും.”

3) നമ്മുടെ ആത്മാവിൽ ജീവിക്കുന്നതിന്, ദിവ്യ വെളിച്ചത്തിൽ നടക്കുവാൻ നാം ദിവ്യജീവന്റെ കൂട്ടായ്മയിൽ തുടരണം—1 യോഹ. 1:2-3, 6-7.

1 യോഹ. 1:2 (ജീവൻ വെളിവായി, പിതാവിനോടുകൂടെ

ഉണ്ടായിരുന്നതും ഞങ്ങൾക്ക് വെളിവായതുമായ, നിത്യജീവനെ ഞങ്ങൾ കണ്ടിരിക്കുകയും നിങ്ങളോട് സാക്ഷ്യപ്പെടുത്തുകയും അറിയിക്കുകയും ചെയ്യുന്നു);

1 യോഹ. 1:3 ഞങ്ങൾ കണ്ടതും കേട്ടതും, നിങ്ങൾക്കു ഞങ്ങളോടുകൂടെ കൂട്ടായ്മ ഉണ്ടാകേണ്ടതിന് നിങ്ങളോട് അറിയിക്കുന്നു, ഞങ്ങളുടെ കൂട്ടായ്മയോ പിതാവിനോടുകൂടെയും അവന്റെ പുത്രനായ യേശു ക്രിസ്തുവിനോടുകൂടെയും ആകുന്നു.

1 യോഹ. 1:6 നമുക്ക് അവനോടു കൂട്ടായ്മ ഉണ്ടെന്ന് പറയുകയും, എന്നാൽ ഇരുട്ടിൽ നടക്കുകയും ചെയ്യുന്നുവെങ്കിൽ, നാം കള്ളം പറയുന്നു, സത്യം അഭ്യസിക്കുന്നതുമില്ല.

1 യോഹ. 1:7 എന്നാൽ അവൻ വെളിച്ചത്തിൽ ആയിരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ, നമുക്ക് അന്യോന്യം കൂട്ടായ്മയുണ്ട്, അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപത്തിൽനിന്നും നമ്മെ ശുദ്ധീകരിക്കുന്നു.

2. നമ്മുടെ മനസ്സിനെ ആത്മാവിൽ ഉറപ്പിച്ചുകൊണ്ട് നമുക്ക് ആത്മാവിന്റെ കാര്യങ്ങളെ ചിന്തിക്കുവാൻ കഴിയും—റോമ. 8:5-6:

റോമ. 8:5 ജഡപ്രകാരമുള്ളവർ ജഡത്തിന്റെ കാര്യങ്ങൾ ശ്രദ്ധിക്കുന്നു, എന്നാൽ ആത്മാവിൻപ്രകാരമുള്ളവർ ആത്മാവിന്റെ കാര്യങ്ങൾ ശ്രദ്ധിക്കുന്നു.

റോമ. 8:6 ജഡത്തിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് മരണം ആകുന്നു, എന്നാൽ ആത്മാവിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് ജീവനും സമാധാനവും ആകുന്നു.

a. ആത്മാവിനെ ദുഃഖിപ്പിക്കാതിരിക്കുവാനും ആത്മാവിനെ കെടുത്താതിരിക്കുവാനും നമ്മുടെ ആത്മാവിന്റെ ബോധത്തിന് ശ്രദ്ധ നൽകിക്കൊണ്ട്, നമ്മുടെ ആത്മാവിനെ നാം ശ്രദ്ധിക്കേണ്ടതുണ്ട്—മലാ. 2:15-16; എഫെ. 4:30; 1 തെസ്സ. 5:19.

മലാ. 2:15 ലേശംപോലും സുബോധം ശേഷിച്ചിരുന്ന ഒരുത്തൻ ഒരിക്കലും അങ്ങനെ ചെയ്തിട്ടില്ല. എന്നാൽ ആ ഒരുത്തൻ എന്തു ചെയ്തു? ദൈവം വാഗ്ദാനം ചെയ്ത സന്തതിയെ അവൻ അന്വേഷിച്ചു. നിങ്ങളുടെ ഉള്ളിൽ സൂക്ഷിച്ചുകൊൾവിൻ; തന്റെ യൌവനത്തിലെ ഭാര്യയോടു ആരും അവിശ്വസ്തത കാണിക്കരുതു.

മലാ. 2:16 ഞാൻ ഉപേക്ഷണം വെറുക്കുന്നു എന്നു യിസ്രായേലിന്റെ ദൈവമായ യഹോവ അരുളിച്ചെയ്യുന്നു: അതു ചെയ്യുന്നവൻ തന്റെ വസ്ത്രം സാഹസംകൊണ്ടു മൂടുന്നു

എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു. ആകയാൽ നിങ്ങൾ അവിശ്വസ്തത കാണിക്കാതിരിക്കേണ്ടതിന്നു നിങ്ങളുടെ ഉള്ളിൽ സൂക്ഷിച്ചുകൊൾവിൻ.

എഫെ. 4:30 ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കരുത്, അവനിൽ നിങ്ങളെ, വീണ്ടെടുപ്പു നാളിനായി മുദ്രയിട്ടിരിക്കുന്നുവല്ലോ.

1 തെസ്സ. 5:19 ആത്മാവിനെ കെടുത്തരുത്;

b. ആത്മാവും ജീവനുമായ ദൈവത്തിന്റെ വചനത്തിൽ നമ്മുടെ മനസ്സിനെ ഉറപ്പിച്ചുകൊണ്ട് നമ്മുടെ മനസ്സിനെ ആത്മാവിൽ ഉറപ്പിക്കുവാൻ നമുക്ക് കഴിയും—യോഹ. 6:63; യെശ. 55:8-11.

യോഹ. 6:63 ജീവൻ നൽകുന്നത് ആത്മാവാകുന്നു; മാംസം ഒന്നിനും പ്രയോജനപ്പെടുന്നില്ല; ഞാൻ നിങ്ങളോടു സംസാരിച്ചിരിക്കുന്ന വചനങ്ങൾ ആത്മാവും ജീവനും ആകുന്നു.

യെശ. 55:8 എന്റെ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങൾ അല്ല; നിങ്ങളുടെ വഴികൾ എന്റെ വഴികളുമല്ല എന്നു യഹോവ അരുളിച്ചെയ്യുന്നു.

യെശ. 55:9 ആകാശം ഭൂമിക്കുമീതെ ഉയർന്നിരിക്കുന്നതുപോലെ എന്റെ വഴികൾ നിങ്ങളുടെ വഴികളിലും എന്റെ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങളിലും ഉയർന്നിരിക്കുന്നു.

യെശ. 55:10 മഴയും ഹിമവും ആകാശത്തുനിന്നു പെയ്യുകയും അവിടേക്കു മടങ്ങാതെ വിതെപ്പാൻ വിത്തും തിന്മാൻ ആഹാരവും നല്കത്തക്കവണ്ണം ഭൂമിയെ നനെച്ചു ഫലവത്താക്കി വിളയിക്കുന്നതുപോലെ

യെശ. 55:11 എന്റെ വായിൽനിന്നു പുറപ്പെടുന്ന എന്റെ വചനം ആയിരിക്കും; അതു വെറുതെ എന്റെ അടുക്കലേക്കു മടങ്ങിവരാതെ എനിക്കു ഇഷ്ടമുള്ളതു നിവർത്തിക്കയും ഞാൻ അയച്ച കാര്യം സാധിപ്പിക്കയും ചെയ്യും.

c. നമ്മുടെ മനസ്സിനെ ആത്മാവിൽ ഉറപ്പിക്കുക എന്നത്, ആത്മാവിന്റെ കാര്യങ്ങളിൽ മനസ്സുവയ്ക്കുക എന്നത്, ക്രിസ്തു യേശുവിന്റെ അന്തർഭാഗങ്ങളിൽ എല്ലാ വിശുദ്ധന്മാരോടുംകൂടെ സഭയ്ക്കുവേണ്ടി കരുതുവാൻ കർത്താവുമായി ഒന്നാകുന്നതുമാണ്—ഫിലി. 2:21; 1:8.

ഫിലി. 2:21 ക്രിസ്തു യേശുവിന്റെ കാര്യങ്ങളല്ല സ്വന്തം കാര്യങ്ങളത്രേ എല്ലാവരും അന്വേഷിക്കുന്നത്.

ഫിലി. 1:8 ക്രിസ്തു യേശുവിന്റെ അന്തർഭാഗങ്ങളിൽ നിങ്ങൾ എല്ലാവരെയും ഞാൻ എത്ര വാഞ്ഛിക്കുന്നു എന്നതിന് ദൈവം എന്റെ സാക്ഷി.

3. നമ്മുടെ ശരീരത്തിന്റെ പ്രവർത്തനങ്ങളെ ആത്മാവിനാൽ നമുക്ക് മരിപ്പിക്കുവാൻ കഴിയും—റോമ. 8:13; സെഖ. 4:6; ഗലാ. 5:16:

റോമ. 8:13 നിങ്ങൾ ജഡപ്രകാരം ജീവിക്കുന്നു എങ്കിൽ, നിങ്ങൾ മരിക്കണം, എന്നാൽ ആത്മാവിനാൽ ശരീരത്തിന്റെ പ്രവൃത്തികളെ നിങ്ങൾ മരിപ്പിക്കുന്നു എങ്കിൽ, നിങ്ങൾ ജീവിക്കും.

സെഖ. 4:6 അവൻ എന്നോടു ഉത്തരം പറഞ്ഞതെന്തെന്നാൽ: സെരുബ്ബാബേലിനോടുള്ള യഹോവയുടെ അരുളപ്പാടാവിതു: സൈന്യത്താലല്ല, ശക്തിയാലുമല്ല, എന്റെ ആത്മാവിനാലത്രേ എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു.

ഗലാ. 5:16 എന്നാൽ ഞാൻ പറയുന്നു, ആത്മാവിനാൽ നടക്കുവിൻ, നിങ്ങൾ ഒരുവിധത്തിലും ജഡത്തിന്റെ മോഹത്തെ നിവർത്തിക്കുകയില്ല.

a. നമ്മുടെ ഉള്ളിലെ ആളത്തത്തിൽ ഉൾവസിക്കുവാനും താമസിക്കുവാനും ആത്മാവിനെ നാം അനുവദിക്കണം—റോമ. 8:9, 11.

റോമ. 8:9 എന്നാൽ ദൈവത്തിന്റെ ആത്മാവ് നിശ്ചയമായും നിങ്ങളിൽ വസിക്കുന്നു എങ്കിൽ, നിങ്ങൾ ജഡത്തിലല്ല ആത്മാവിലത്രേ ആകുന്നു. എങ്കിലും ഒരുവന് ക്രിസ്തുവിന്റെ, ആത്മാവില്ലെങ്കിൽ, അവൻ അവനിൽനിന്നുള്ളവനല്ല.

റോമ. 8:11 യേശുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നുവെങ്കിൽ, ക്രിസ്തുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവൻ നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവിലൂടെ നിങ്ങളുടെ മർത്യശരീരങ്ങൾക്കും ജീവൻ നൽകും.

b. സമാധാനത്തിന്റെ ദൈവം സാത്താനെ നമ്മുടെ പാദങ്ങൾക്കുകീഴെ ചതച്ചുകളയുന്നിടമായ സഭാജീവിതത്തിൽ നാം നിലനിൽക്കണം—16:20; 12:1-2, 11.

റോമ. 16:20 സമാധാനത്തിന്റെ ദൈവമോ സാത്താനെ വൈകാതെ നിങ്ങളുടെ പാദങ്ങൾക്ക് കീഴെ ചതച്ചുകളയും. നമ്മുടെ കർത്താവായ യേശുവിന്റെ കൃപ നിങ്ങളോടുകൂടെ ഇരിക്കുമാറാകട്ടെ.

റോമ. 12:1 അതുകൊണ്ട് സഹോദരന്മാരേ, ദൈവത്തിന്റെ മനസ്സലിവുകളിലൂടെ നിങ്ങളുടെ ശരീരങ്ങളെ വിശുദ്ധവും, ദൈവത്തിന് സുപ്രസാദകരവുമായ, ജീവനുള്ള യാഗമായി അർപ്പിക്കുവാൻ ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു, അത് നിങ്ങളുടെ ബുദ്ധിപൂർവകമായ സേവനം ആകുന്നുവല്ലോ.

റോമ. 12:2 ഈ യുഗത്തിനൊത്തവണ്ണം പരിഷ്കൃതരാകാതെ, നല്ലതും സുപ്രസാദകരവും തികഞ്ഞതുമായ ദൈവഹിതം എന്തെന്ന് നിങ്ങൾ തെളിയിക്കേണ്ടതിന് മനസ്സിന്റെ പുതുക്കത്താൽ രൂപാന്തരപ്പെടുവിൻ.

റോമ. 12:11 തീക്ഷ്ണതയിൽ അലസരാകരുത്, കർത്താവിനെ

സേവിച്ചുകൊണ്ട് ആത്മാവിൽ എരിവുള്ളവരാകുവിൻ.

4. ദൈവപുത്രന്മാരെന്ന നിലയിൽ നമുക്ക് ആത്മാവിനാൽ നയിക്കപ്പെടുവാൻ കഴിയും—8:14:

റോമ. 8:14 എന്തെന്നാൽ ദൈവത്തിന്റെ ആത്മാവിനാൽ നയിക്കപ്പെടുന്നവരൊക്കെയും, ദൈവത്തിന്റെ പുത്രന്മാർ ആകുന്നു.

a. ആത്മാവിനാൽ നയിക്കപ്പെടുന്നത് ആന്തരിക അഭിഷേകത്തെ, ഉൾവസിക്കുന്ന സംയുക്ത ആത്മാവിന്റെ ചലനത്തെയും പ്രവർത്തനത്തെയും കരുതുന്നതാണ്—1 യോഹ. 2:20, 27.

1 യോഹ. 2:20 വിശുദ്ധനായവനിൽനിന്ന് നിങ്ങൾക്ക് അഭിഷേചനം ഉണ്ടല്ലോ, നിങ്ങൾ എല്ലാവരും അറിയുകയും ചെയ്യുന്നു.

1 യോഹ. 2:27 നിങ്ങൾക്കോ, അവനിൽനിന്നു പ്രാപിച്ച അഭിഷേചനം നിങ്ങളിൽ വസിക്കുന്നു, ആരും നിങ്ങളെ ഉപദേശിക്കേണ്ട ആവശ്യവുമില്ല; എന്നാൽ അവന്റെ അഭിഷേചനം സകല കാര്യങ്ങളെയും കുറിച്ച് നിങ്ങളെ ഉപദേശിക്കുന്നതുപോലെ, അതു കളവല്ല സത്യം ആകുന്നു, അതു നിങ്ങളെ ഉപദേശിച്ചതു പോലെ അവനിൽ വസിക്കുവിൻ.

b. ആത്മാവിനാൽ നയിക്കപ്പെടുന്നത്, ക്രിസ്തുവിന്റെ ജയോത്സവ ഘോഷയാത്രയിൽ ഒരു ബദ്ധനായി നയിക്കപ്പെട്ട് നമ്മുടെ ആത്മാവിലുള്ള വിശ്രമത്തിനുവേണ്ടി കരുതുന്നതാണ്—2 കൊരി. 2:12-14; 7:5-6.

2 കൊരി. 2:12 അതുകൂടാതെ ക്രിസ്തുവിന്റെ സുവിശേഷത്തിനായി ഞാൻ ത്രോവാസിൽ വരുകയും, കർത്താവിൽ എനിക്ക് ഒരു വാതിൽ തുറക്കപ്പെടുകയും ചെയ്തപ്പോൾ,

2 കൊരി. 2:13 എന്റെ സഹോദരനായ തീത്തൊസിനെ കണ്ടെത്താത്തതിനാൽ, എന്റെ ആത്മാവിൽ എനിക്ക് സ്വസ്ഥത ഉണ്ടായിരുന്നില്ല; അവരിൽനിന്ന് വിടവാങ്ങിയ ശേഷം ഞാൻ മക്കെദോന്യയിലേക്ക് പുറപ്പെട്ടുപോയി.

2 കൊരി. 2:14 എന്നാൽ ഞങ്ങളെ ക്രിസ്തുവിൽ എല്ലായ്പ്പോഴും ജയോത്സവത്തിൽ നടത്തുകയും ഞങ്ങളിലൂടെ എല്ലായിടത്തും അവന്റെ പരിജ്ഞാനത്തിന്റെ വാസന വെളിവാക്കുകയും ചെയ്യുന്ന ദൈവത്തിനു സ്തോത്രം.

2 കൊരി. 7:5 ഞങ്ങൾ മക്കെദോന്യയിലേക്ക് വന്നപ്പോഴും, ഞങ്ങളുടെ ജഡത്തിന് ഒരു വിശ്രമവും ഉണ്ടായിരുന്നില്ല, സകലത്തിലും ക്ലേശിക്കപ്പെടുകയത്രേ ചെയ്തത്; പുറമേ പോരാട്ടവും ഉള്ളിൽ ഭയവും ആയിരുന്നു.

2 കൊരി. 7:6 എന്നാൽ ധൈര്യമറ്റവരെ ആശ്വസിപ്പിക്കുന്നവനായ ദൈവം, തീത്തൊസിന്റെ വരവിനാൽ ഞങ്ങളെ ആശ്വസിപ്പിച്ചു;

5. പുത്രത്വത്തിന്റെ ആത്മാവിൽ നമുക്ക് പിതാവിനോട് നിലവിളിക്കുവാൻ കഴിയും—റോമ. 8:15; ഗലാ. 4:6:

റോമ. 8:15 നിങ്ങളെ വീണ്ടും ഭയത്തിലേക്ക് കൊണ്ടുവരുന്ന

അടിമത്തത്തിന്റെ ആത്മാവിനെയല്ല, നാം അബ്ബാ പിതാവേ! എന്ന് നിലവിളിക്കുന്ന പുത്രത്വത്തിന്റെ ആത്മാവിനെയത്രേ നിങ്ങൾ സ്വീകരിച്ചിരിക്കുന്നത്.

ഗലാ. 4:6 നിങ്ങൾ പുത്രന്മാർ ആയതിനാൽ, അബ്ബാ, പിതാവേ! എന്ന് നിലവിളിക്കുന്ന, തന്റെ പുത്രന്റെ ആത്മാവിനെ നമ്മുടെ ഹൃദയങ്ങളിലേക്ക് ദൈവം അയച്ചിരിക്കുന്നു.

a. നാം "അബ്ബാ, പിതാവേ!" എന്ന് നിലവിളിക്കുമ്പോൾ (റോമ. 8:15), "നാം ദൈവമക്കളാകുന്നു എന്ന് ആത്മാവുതാനും നമ്മുടെ ആത്മാവോടുകൂടെ സാക്ഷ്യപ്പെടുത്തുന്നു" (വാ. 16).

b. "അബ്ബാ, പിതാവേ!" എന്നു നിലവിളിക്കുന്നത്, ദൈവവുമായുള്ള നമ്മുടെ ഹൃദ്യമായ ബന്ധത്തിന്റെ മാധുര്യത്തെ ആവിഷ്കരിക്കുന്നു—പ്ര.നി. മത്താ. 18:3.

മത്താ. 18:3 പറഞ്ഞു, സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ തിരിഞ്ഞ് പൈതങ്ങളെപ്പോലെ ആകാഞ്ഞാൽ ഒരുവിധത്തിലും സ്വർഗരാജ്യത്തിലേക്കു പ്രവേശിക്കുകയില്ല.

6. നമ്മുടെ ശരീരത്തിന്റെ വീണ്ടെടുപ്പായ നമ്മുടെ പൂർണ്ണ പുത്രത്വത്തിനായി പക്ഷവാദം ചെയ്യുന്ന ആത്മാവിൽ നമുക്ക് ഞരങ്ങുവാൻ കഴിയും—റോമ. 8:23, 26-27:

റോമ. 8:23 അതു മാത്രമല്ല, ആത്മാവിന്റെ ആദ്യഫലം ഉള്ളവരായ നാമും, നമ്മുടെ ശരീരത്തിന്റെ വീണ്ടെടുപ്പായ, പുത്രത്വത്തെ പ്രതീക്ഷയോടെ കാത്തിരുന്നുകൊണ്ട് നമ്മിൽത്തന്നെ ഞരങ്ങുന്നു.

റോമ. 8:26 അത്രയുമല്ല, നമ്മുടെ ബലഹീനതയിൽ നമ്മെ സഹായിക്കുവാൻ ആത്മാവും അപ്രകാരം തന്നെ പങ്കുചേരുന്നു, എന്തെന്നാൽ ഉചിതമാംവണ്ണം എന്തിനുവേണ്ടി പ്രാർഥിക്കേണം എന്ന് നാം അറിയുന്നില്ല, എന്നാൽ ആത്മാവുതാൻ ഉച്ചരിക്കുവാൻ കഴിയാത്ത ഞരക്കങ്ങളോടെ നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നു.

റോമ. 8:27 എന്നാൽ ഹൃദയങ്ങളെ പരിശോധിക്കുന്നവൻ ആത്മാവിന്റെ മനസ്സ് എന്തെന്ന് അറിയുന്നു, എന്തുകൊണ്ടെന്നാൽ അവൻ ദൈവത്തിനൊത്തവണ്ണം വിശുദ്ധന്മാർക്കുവേണ്ടി പക്ഷവാദം ചെയ്യുന്നു.

a. നമ്മുടെ ഞരക്കത്തിൽ നമുക്കുവേണ്ടി പക്ഷവാദം ചെയ്തുകൊണ്ട് ആത്മാവും ഞരങ്ങുന്നു.

b ദൈവത്തിന്റെ ആദ്യജാതനായ പുത്രനായ ക്രിസ്തുവിന്റെ സ്വരൂപത്തോട് നാം അനുരൂപപ്പെടത്തക്കവണ്ണം പക്ഷവാദം ചെയ്യുന്ന ആത്മാവ് നമുക്കുവേണ്ടി പ്രാർഥിക്കുന്നു—വാ. 28-29.

റോമ. 8:28 ദൈവത്തെ സ്നേഹിക്കുന്നവർക്ക്, തന്റെ ഉദ്ദേശ്യപ്രകാരം വിളിക്കപ്പെട്ടവർക്ക്, സകല കാര്യങ്ങളും നന്മയ്ക്കായി ഒന്നിച്ച് പ്രവർത്തിക്കുന്നു എന്ന് നാം അറിയുന്നു.

റോമ. 8:29 എന്തുകൊണ്ടെന്നാൽ അവൻ മുന്നറിഞ്ഞവരെ, തന്റെ പുത്രൻ അനേകം സഹോദരന്മാരിൽ ആദ്യജാതൻ ആകേണ്ടതിന്, അവന്റെ സ്വരൂപത്തോട് അനുരൂപരാകുവാൻ മുൻനിയമിച്ചിരിക്കുന്നു;

**II. നമ്മെ അത്യധികം ജയം നേടുന്നവരാക്കുന്നവനായ ക്രിസ്തുവിനെ നമുക്ക് അനുഭവമാക്കുവാനും, ആസ്വദിക്കുവാനും, ആവിഷ്കകരിക്കുവാനും കഴിയും—വാ. 37:**

റോമ. 8:37 എന്നാൽ നമ്മെ സ്നേഹിച്ചവനിലൂടെ ഈ സകല കാര്യങ്ങളിലും നാം അത്യധികം ജയം നേടുന്നു.

A. എല്ലാ കാര്യങ്ങളിലും അത്യധികം ജയം നേടുന്നതിന് നമുക്ക് ദൈവത്തെ സ്നേഹിക്കുവാനും, ക്രിസ്തുവിന്റെ സ്നേഹത്താൽ നിർബന്ധിക്കപ്പെടുവാനും നിയന്ത്രിക്കപ്പെടുവാനും പ്രചോദിപ്പിക്കപ്പെടുവാനും പ്രേരിപ്പിക്കപ്പെടുവാനും ഞെരുക്കപ്പെടുവാനും നയിക്കപ്പെടുവാനും കഴിയും—വാ. 31-39:

റോമ. 8:31 അപ്പോൾ ഈ കാര്യങ്ങളോട് നാം എന്ത് പറയേണം? ദൈവം നമുക്ക് അനുകൂലം എങ്കിൽ, നമുക്കു പ്രതികൂലം ആർ?

റോമ. 8:32 തീർച്ചയായും, തന്റെ സ്വന്ത പുത്രനെ അവശേഷിപ്പിക്കാതെ, നമുക്കെല്ലാവർക്കും വേണ്ടി അവനെ ഏൽപ്പിച്ചുതന്നവൻ, അവനോടുകൂടെ സകലവും നമുക്ക് സൗജന്യമായി എങ്ങനെ നൽകാതിരിക്കും?

റോമ. 8:33 ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ടവർക്ക് എതിരെ ആർ ആരോപണം ഉന്നയിക്കും? ദൈവമാകുന്നു നീതീകരിക്കുന്നവൻ.

റോമ. 8:34 കുറ്റംവിധിക്കുന്നവൻ ആർ? ക്രിസ്തു യേശു അത്രേ മരിച്ചവൻ, അതിലുപരി, ഉയിർപ്പിക്കപ്പെട്ടവനും, ദൈവത്തിന്റെ വലത്തുഭാഗത്ത് ഉള്ളവനും, നമുക്കു വേണ്ടി പക്ഷവാദം ചെയ്യുന്നവനും.

റോമ. 8:35 ക്രിസ്തുവിന്റെ സ്നേഹത്തിൽനിന്ന് നമ്മെ ആർ വേർപെടുത്തും? കഷ്ടതയോ പീഡയോ ഉപദ്രവമോ ക്ഷാമമോ നഗ്നതയോ ആപത്തോ വാളോ?

റോമ. 8:36 "നിന്റെ നിമിത്തം ദിവസം മുഴുവനും ഞങ്ങളെ മരണത്തിന് ഏൽപ്പിക്കുന്നു; അറുക്കുവാനുള്ള ആടുകളായി ഞങ്ങളെ കണക്കാക്കിയിരിക്കുന്നു" എന്ന് എഴുതിയിരിക്കുന്നതുപോലെ തന്നെ.

റോമ. 8:37 എന്നാൽ നമ്മെ സ്നേഹിച്ചവനിലൂടെ ഈ സകല കാര്യങ്ങളിലും നാം അത്യധികം ജയം നേടുന്നു.

റോമ. 8:38 മരണത്തിനോ ജീവനോ ദൂതന്മാർക്കോ വാഴ്ച്ചകൾക്കോ ഇപ്പോഴുള്ള കാര്യങ്ങൾക്കോ വരുവാനുള്ള കാര്യങ്ങൾക്കോ ശക്തികൾക്കോ

റോമ. 8:39 ഉയരത്തിനോ ആഴത്തിനോ മറ്റേതെങ്കിലും ജീവിക്കോ, നമ്മുടെ കർത്താവായ ക്രിസ്തു യേശുവിലുള്ള ദൈവസ്നേഹത്തിൽനിന്ന് നമ്മെ വേർപെടുത്തുവാൻ സാധിക്കുകയില്ല എന്ന് എനിക്ക് ബോധ്യമായിരിക്കുന്നു.

1. ദൈവത്തെ സ്നേഹിക്കുന്നതിലൂടെ, ദൈവത്തിൽ അടങ്ങിയിരിക്കുന്ന എല്ലാ സമ്പത്തിലും നാം പങ്കുകൊള്ളുന്നു—1 കൊരി. 2:9-10; പ്ര.നി. 2 തിമൊ. 3:2-4.

    1 കൊരി. 2:9 “ദൈവം തന്നെ സ്നേഹിക്കുന്നവർക്ക് ഒരുക്കിയിരിക്കുന്ന കാര്യങ്ങൾ കണ്ണ് കണ്ടിട്ടില്ല, ചെവി കേട്ടിട്ടില്ല, മനുഷ്യന്റെ ഹൃദയത്തിൽ ഉയർന്നുവന്നിട്ടുമില്ല” എന്ന് എഴുതിയിരിക്കുന്നതുപോലെ തന്നെ.

    1 കൊരി. 2:10 എന്നാൽ ദൈവം അവ നമുക്ക് ആത്മാവ് മുഖാന്തരം വെളിപ്പെടുത്തിയിരിക്കുന്നു, ആത്മാവ് സകല കാര്യങ്ങളെയും, ദൈവത്തിന്റെ ആഴങ്ങളെപ്പോലും തിരയുന്നു.

    2 തിമൊ. 3:2 എന്തെന്നാൽ മനുഷ്യർ സ്വസ്നേഹികളും ദ്രവ്യാഗ്രഹികളും വമ്പു പറയുന്നവരും ധാർഷ്ട്യമുള്ളവരും അസഭ്യം പറയുന്നവരും മാതാപിതാക്കളെ അനുസരിക്കാത്തവരും നന്ദികെട്ടവരും അശുദ്ധരും,

    2 തിമൊ. 3:3 സ്വാഭാവിക വാത്സല്യമില്ലാത്തവരും ഇണങ്ങാത്തവരും ദുഷിക്കുന്നവരും ആത്മനിയന്ത്രണമില്ലാത്തവരും ക്രൂരന്മാരും നന്മ സ്നേഹിക്കാത്തവരും,

    2 തിമൊ. 3:4 വിശ്വാസവഞ്ചകരും വീണ്ടുവിചാരമില്ലാത്തവരും നിഗളത്താൽ കുരുടരായവരും ദൈവസ്നേഹികളെക്കാൾ ഭോഗസ്നേഹികളും,

2. ദൈവത്തെയും വിശുദ്ധന്മാരെയും നമ്മുടെ സ്നേഹമായ ക്രിസ്തുവിനെക്കൊണ്ട് സ്നേഹിക്കുവാൻ ക്രിസ്തുവിന്റെ സ്നേഹത്താൽ നാം നിർബന്ധിക്കപ്പെടണം—2 കൊരി. 5:14.

    2 കൊരി. 5:14 ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ നിർബന്ധിക്കുന്നു, എല്ലാവർക്കും വേണ്ടി ഒരുവൻ മരിച്ചതുകൊണ്ട് എല്ലാവരും മരിച്ചു എന്നും,

B. “ദൈവം നമുക്ക് അനുകൂലം എങ്കിൽ, നമുക്കു പ്രതികൂലം ആർ?”—റോമ. 8:31; യിരെ. 31:31-34; എബ്രാ. 8:8-10:

  യിരെ. 31:31 ഞാൻ യിസ്രായേൽഗൃഹത്തോടും യെഹൂദാഗൃഹത്തോടും പുതിയോരു നിയമം ചെയ്യുന്ന കാലം വരും എന്നു യഹോവയുടെ അരുളപ്പാടു.

  യിരെ. 31:32 ഞാൻ അവരുടെ പിതാക്കന്മാരെ കൈക്കു പിടിച്ചു മിസ്രയീംദേശത്തുനിന്നു കൊണ്ടുവന്ന നാളിൽ ഞാൻ അവരോടു ചെയ്ത നിയമംപോലെയല്ല; ഞാൻ അവർക്കു ഭർത്താവായിരുന്നിട്ടും അവർ എന്റെ നിയമം ലംഘിച്ചുകളഞ്ഞു എന്നു യഹോവയുടെ അരുളപ്പാടു.

  യിരെ. 31:33 എന്നാൽ ഈ കാലം കഴിഞ്ഞശേഷം ഞാൻ യിസ്രായേൽഗൃഹത്തോടു ചെയ്‌വാനിരിക്കുന്ന നിയമം ഇങ്ങനെയാകുന്നു: ഞാൻ എന്റെ ന്യായപ്രമാണം അവരുടെ ഉള്ളിലാക്കി അവരുടെ ഹൃദയങ്ങളിൽ എഴുതും; ഞാൻ അവർക്കു ദൈവമായും അവർ എനിക്കു ജനമായും ഇരിക്കും എന്നു യഹോവയുടെ അരുളപ്പാടു.

യിരെ. 31:34 ഇനി അവരിൽ ആരും തന്റെ കൂട്ടുകാരനെയും തന്റെ സഹോദരനെയും യഹോവയെ അറിക എന്നു ഉപദേശിക്കയില്ല; അവർ ആബാലവൃദ്ധം എല്ലാവരും എന്നെ അറിയും; ഞാൻ അവരുടെ അകൃത്യം മോചിക്കും; അവരുടെ പാപം ഇനി ഓർക്കയും ഇല്ല എന്നു യഹോവയുടെ അരുളപ്പാടു.

എബ്രാ. 8:8 അവരിൽ കുറ്റം കണ്ടതിനാൽ അവൻ പറയുന്നു, "ഇതാ, ഞാൻ യിസ്രായേൽ ഗൃഹത്തിനും യെഹൂദാ ഗൃഹത്തിനും മേൽ പുതിയൊരു ഉടമ്പടി പരിണതമാക്കുന്ന നാളുകൾ വരുന്നു എന്ന് കർത്താവ് അരുളിച്ചെയ്യുന്നു,

എബ്രാ. 8:9 മിസ്രയീം ദേശത്തുനിന്ന് പുറത്തേക്കു നയിക്കുവാൻ ഞാൻ അവരുടെ പിതാക്കന്മാരെ അവരുടെ കൈക്കു പിടിച്ച നാളിൽ ഞാൻ അവരോടു ചെയ്ത ഉടമ്പടിപ്രകാരമല്ല, അവർ എന്റെ ഉടമ്പടിയിൽ തുടരാഞ്ഞതുകൊണ്ട്, ഞാൻ അവരെ അവഗണിച്ചു എന്ന് കർത്താവ് അരുളിച്ചെയ്യുന്നു.

എബ്രാ. 8:10 ആ നാളുകൾക്കുശേഷം യിസ്രായേൽ ഗൃഹത്തോടു ഞാൻ ഉടമ്പടി ചെയ്യുവാൻ പോകുന്ന ഉടമ്പടി ഇതാകുന്നു എന്ന് കർത്താവ് അരുളിച്ചെയ്യുന്നു: ഞാൻ എന്റെ പ്രമാണങ്ങളെ അവരുടെ മനസ്സിലേക്കു പകരും, അവരുടെ ഹൃദയങ്ങളിന്മേൽ ഞാൻ അവയെ കൊത്തിവയ്ക്കും; ഞാൻ അവർക്കു ദൈവവും അവർ എനിക്കു ജനവുമാകും.

1. "ഞാൻ അവരെ വിട്ടുപിരിയാതെ അവർക്ക് നന്മ ചെയ്തുകൊണ്ടിരിക്കും എന്നിങ്ങനെ ഞാൻ അവരോട് ഒരു ശാശ്വത [ഉടമ്പടി] ചെയ്യും; അവർ എന്നെ വിട്ടുമാറാതെയിരിപ്പാൻ എങ്കലുള്ള ഭക്തി ഞാൻ അവരുടെ ഹൃദയത്തിൽ ആക്കും. ഞാൻ അവരിൽ സന്തോഷിച്ച് അവർക്ക് ഗുണം ചെയ്യും. ഞാൻ പൂർണ്ണഹൃദയത്തോടും പൂർണ്ണ മനസ്സോടുംകൂടെ അവരെ ഈ ദേശത്ത് നടും"—യിരെ. 32:40-41.
2. ഈ ശാശ്വത ഉടമ്പടി പുതിയ ഉടമ്പടിയാണ്; ഈ ഉടമ്പടിയാലാണ് ദൈവം നമ്മിൽനിന്ന് വിട്ടുമാറാതിരിക്കുന്നതും, നമ്മുടെ നല്ലദേശമായ ക്രിസ്തുവിൽ നമ്മെ നടുന്നതും, ക്രിസ്തു തന്റെ എല്ലാ വശങ്ങളിലും നമ്മളാൽ വാങ്ങപ്പെടുന്നതും, അതായത്, പിമ്പിലുള്ളത് മറക്കുവാനും ക്രിസ്തുവിനെ പിൻപറ്റുവാനും നാം വില നൽകുന്നതിലൂടെ നമ്മളാൽ നേടപ്പെടുന്നതും—വാ. 40-44; ഫിലി. 3:8-14.

   യിരെ. 32:40 ഞാൻ അവരെ വിട്ടുപിരിയാതെ അവർക്കു നന്മ ചെയ്തുകൊണ്ടിരിക്കും എന്നിങ്ങനെ ഞാൻ അവരോടു ഒരു ശാശ്വതനിയമം ചെയ്യും; അവർ എന്നെ വിട്ടുമാറാതെയിരിപ്പാൻ എങ്കലുള്ള ഭക്തി ഞാൻ അവരുടെ ഹൃദയത്തിൽ ആക്കും.

   യിരെ. 32:41 ഞാൻ അവരിൽ സന്തോഷിച്ചു അവർക്കു ഗുണം ചെയ്യും. ഞാൻ പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടും കൂടെ അവരെ ഈ ദേശത്തു നടും.

   യിരെ. 32:42 യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: ഞാൻ ഈ

ജനത്തിന്നു ഈ വലിയ അനർത്ഥമൊക്കെയും വരുത്തിയതുപോലെ തന്നേ ഞാൻ അവർക്കു വാഗ്ദത്തം ചെയ്തിരിക്കുന്ന എല്ലാനന്മയും അവർക്കു വരുത്തും.

യിരെ. 32:43 മനുഷ്യനും മൃഗവും ഇല്ലാതെ ശൂന്യമായിരിക്കുന്നു, കല്ദയരുടെ കയ്യിൽ ഏല്പിക്കപ്പെട്ടിരിക്കുന്നു എന്നു നിങ്ങൾ പറയുന്ന ഈ ദേശത്തു അവർ നിലങ്ങളെ വിലെക്കു മേടിക്കും.

യിരെ. 32:44 ഞാൻ അവരുടെ പ്രവാസികളെ മടക്കിവരുത്തുന്നതുകൊണ്ടു ബെന്യാമീൻദേശത്തും യെരൂശലേമിന്നു ചുറ്റുമുള്ള പ്രദേശങ്ങളിലും യെഹൂദാപട്ടണങ്ങളിലും മലനാട്ടിലെ പട്ടണങ്ങളിലും താഴ്വീതിയിലെ പട്ടണങ്ങളിലും തെക്കെ പട്ടണങ്ങളിലും ആളുകൾ നിലങ്ങളെ വിലെക്കു മേടിച്ചു ആധാരങ്ങൾ എഴുതി മുദ്രയിട്ടു സാക്ഷികളെയും വയ്ക്കും എന്നു യഹോവയുടെ അരുളപ്പാടു.

ഫിലി. 3:8 അത്രയുമല്ല എന്റെ കർത്താവായ ക്രിസ്തു യേശുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിന്റെ ശ്രേഷ്ഠത നിമിത്തം ഞാൻ സകലവും നഷ്ടമെന്ന് എണ്ണുന്നു, ഞാൻ ക്രിസ്തുവിനെ നേടേണ്ടതിനും,

ഫിലി. 3:9 അവനിൽ കാണപ്പെടേണ്ടതിനും, ന്യായപ്രമാണത്തിൽ നിന്നുള്ള എന്റെ സ്വന്ത നീതിയല്ല, ക്രിസ്തുവിലുള്ള വിശ്വാസം മുഖാന്തരം, വിശ്വാസത്തെ ആധാരമാക്കി ദൈവത്തിൽ നിന്നുള്ള നീതി ഉണ്ടായിട്ട്,

ഫിലി. 3:10 അവന്റെ മരണത്തോട് അനുരൂപപ്പെട്ടുകൊണ്ട്, അവനെയും അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയെയും അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയെയും അറിഞ്ഞ്,

ഫിലി. 3:11 മരിച്ചവരിൽ നിന്നുള്ള വിശേഷ പുനരുത്ഥാനം ഞാൻ എങ്ങനെയെങ്കിലും പ്രാപിക്കേണ്ടതിന്, അവൻ നിമിത്തം ഞാൻ സകലത്തിന്റെയും നഷ്ടം സഹിച്ച് അവ ചവറെന്ന് എണ്ണുന്നു.

ഫിലി. 3:12 നേടിക്കഴിഞ്ഞു എന്നോ, തികഞ്ഞവനായിക്കഴിഞ്ഞു എന്നോ അല്ല, എന്നാൽ ക്രിസ്തു യേശുവിനാൽ ഞാൻ എന്തിന് പിടിക്കപ്പെട്ടുവോ, അത് ഞാനും പിടിക്കാമോ എന്നുവച്ച് പിൻപറ്റുന്നതേയുള്ളു.

ഫിലി. 3:13 സഹോദരന്മാരേ, പിടിച്ചിരിക്കുന്നതായി ഞാൻ എന്നെത്തന്നെ എണ്ണുന്നില്ല; എന്നാൽ ഒന്ന് ഞാൻ ചെയ്യുന്നു: പിന്നിലുള്ളവയെ മറന്നുകൊണ്ടും മുന്നിലുള്ളവയ്ക്കായി മുന്നോട്ടാഞ്ഞുകൊണ്ടും,

ഫിലി. 3:14 ദൈവം ക്രിസ്തു യേശുവിൽ എന്നെ മേലേയ്ക്ക് വിളിച്ചിരിക്കുന്ന സമ്മാനത്തിനായി ലക്ഷ്യത്തിലേക്ക് പിൻപറ്റുന്നു.

C. ദൈവം നമുക്ക് ക്രിസ്തുവിനോടുകൂടെ എല്ലാ കാര്യങ്ങളും സൗജന്യമായി നൽകുന്നു; ഏതു കാര്യവും, ഏതു വ്യക്തിയും, ഏതു സാഹചര്യവും അവനെ സ്നേഹിക്കുന്നവരായ നമുക്ക് നമ്മുടെ തികവിനുവേണ്ടിയുള്ളതാണ്—റോമ. 8:28, 32; 1 കൊരി. 3:21-22.

റോമ. 8:28 ദൈവത്തെ സ്നേഹിക്കുന്നവർക്ക്, തന്റെ ഉദ്ദേശ്യപ്രകാരം വിളിക്കപ്പെട്ടവർക്ക്, സകല കാര്യങ്ങളും നന്മയ്ക്കായി ഒന്നിച്ച് പ്രവർത്തിക്കുന്നു എന്ന് നാം അറിയുന്നു.

റോമ. 8:32 തീർച്ചയായും, തന്റെ സ്വന്ത പുത്രനെ അവശേഷിപ്പിക്കാതെ, നമുക്കെല്ലാവർക്കും വേണ്ടി അവനെ ഏൽപ്പിച്ചുതന്നവൻ, അവനോടുകൂടെ സകലവും നമുക്ക് സൗജന്യമായി എങ്ങനെ നൽകാതിരിക്കും?

1 കൊരി. 3:21 അതിനാൽ ആരും മനുഷ്യരിൽ പ്രശംസിക്കാതിരിക്കട്ടെ, സകലവും നിങ്ങളുടേതല്ലോ,

1 കൊരി. 3:22 പൗലൊസോ, അപ്പൊല്ലോസോ, കേഫാവോ, ലോകമോ, ജീവനോ, മരണമോ, ഇപ്പോഴുള്ളവയോ, വരുവാനുള്ളവയോ; സകലവും നിങ്ങളുടേതാകുന്നു,

D. നമുക്കുവേണ്ടി മരിക്കുകയും ഉയിർപ്പിക്കപ്പെടുകയും ചെയ്ത ക്രിസ്തു, ദൈവത്തിന്റെ വലത്തുഭാഗത്ത് നമുക്കുവേണ്ടി പക്ഷവാദം ചെയ്തുകൊണ്ടിരിക്കുന്നു—റോമ. 8:34:

റോമ. 8:34 കുറ്റംവിധിക്കുന്നവൻ ആർ? ക്രിസ്തു യേശു അത്രേ മരിച്ചവൻ, അതിലുപരി, ഉയിർപ്പിക്കപ്പെട്ടവനും, ദൈവത്തിന്റെ വലത്തുഭാഗത്ത് ഉള്ളവനും, നമുക്കു വേണ്ടി പക്ഷവാദം ചെയ്യുന്നവനും.

1. വാക്യം 34-ൽ ക്രിസ്തു ദൈവത്തിന്റെ വലത്തുഭാഗത്താണ്, എന്നാൽ വാക്യം 10-ൽ ക്രിസ്തു ഇപ്പോൾ നമ്മിൽ, നമ്മുടെ ആത്മാവിൽ ആണ്—2 തിമൊ. 4:22; പ്ര.നി. യോഹ. 1:51; ഉല്പ. 28:11-22.

റോമ. 8:34 കുറ്റംവിധിക്കുന്നവൻ ആർ? ക്രിസ്തു യേശു അത്രേ മരിച്ചവൻ, അതിലുപരി, ഉയിർപ്പിക്കപ്പെട്ടവനും, ദൈവത്തിന്റെ വലത്തുഭാഗത്ത് ഉള്ളവനും, നമുക്കു വേണ്ടി പക്ഷവാദം ചെയ്യുന്നവനും.

റോമ. 8:10 എന്നാൽ ക്രിസ്തു നിങ്ങളിൽ ഉണ്ടെങ്കിലോ, ശരീരം പാപം നിമിത്തം മരിച്ചതെങ്കിലും, ആത്മാവ് നീതി നിമിത്തം ജീവൻ ആകുന്നു.

2 തിമൊ. 4:22 കർത്താവ് നിന്റെ ആത്മാവോടുകൂടെ ഇരിക്കട്ടെ. കൃപ നിങ്ങളോടു കൂടെ ഇരിക്കട്ടെ.

യോഹ. 1:51 അവൻ അവനോട്, സത്യമായി, സത്യമായി ഞാൻ നിങ്ങളോട് പറയുന്നു, സ്വർഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രനുമേൽ ദൈവദൂതന്മാർ കയറുകയും ഇറങ്ങുകയും ചെയ്യുന്നതും നിങ്ങൾ കാണും എന്നു പറഞ്ഞു.

ഉല്പ. 28:11 അവൻ ഒരു സ്ഥലത്തു എത്തിയപ്പോൾ സൂര്യൻ അസ്തമിക്കകൊണ്ടു അവിടെ രാപാർത്തു; അവൻ ആ സ്ഥലത്തെ കല്ലുകളിൽ ഒന്നു എടുത്തു തലയണയായി വെച്ചു അവിടെ കിടന്നുറങ്ങി.

ഉല്പ. 28:12 അവൻ ഒരു സ്വപ്നം കണ്ടു: ഇതാ, ഭൂമിയിൽ വെച്ചിരിക്കുന്ന ഒരു കോവണി; അതിന്റെ തല സ്വർഗ്ഗത്തോളം എത്തിയിരുന്നു; ദൈവത്തിന്റെ ദൂതന്മാർ അതിന്മേൽകൂടി കയറുകയും ഇറങ്ങുകയുമായിരുന്നു.

ഉല്പ. 28:13 അതിന്മീതെ യഹോവ നിന്നു അരുളിച്ചെയ്തതു: ഞാൻ നിന്റെ പിതാവായ അബ്രാഹാമിന്റെ ദൈവവും, യിസ്ഹാക്കിന്റെ ദൈവവുമായ യഹോവ ആകുന്നു; നീ കിടക്കുന്ന ഭൂമിയെ ഞാൻ നിനക്കും നിന്റെ സന്തതിക്കും തരും.

ഉല്പ. 28:14 നിന്റെ സന്തതി ഭൂമിയിലെ പൊടിപോലെ ആകും; നീ പടിഞ്ഞാറോട്ടും കിഴക്കോട്ടും വടക്കോട്ടും തെക്കോട്ടും പരക്കും; നീ മുഖാന്തരവും നിന്റെ സന്തതി മുഖാന്തരവും ഭൂമിയിലെ സകലവംശങ്ങളും അനുഗ്രഹിക്കപ്പെടും.

ഉല്പ. 28:15 ഇതാ, ഞാൻ നിന്നോടുകൂടെയുണ്ടു; നീ പോകുന്നേടത്തൊക്കെയും നിന്നെ കാത്തു ഈ രാജ്യത്തേക്കു നിന്നെ മടക്കിവരുത്തും; ഞാൻ നിന്നെ കൈവിടാതെ നിന്നോടു അരുളിച്ചെയ്തതു നിവർത്തിക്കും.

ഉല്പ. 28:16 അപ്പോൾ യാക്കോബ് ഉറക്കമുണർന്നു: യഹോവ ഈ സ്ഥലത്തുണ്ടു സത്യം; ഞാനോ അതു അറിഞ്ഞില്ല എന്നു പറഞ്ഞു.

ഉല്പ. 28:17 അവൻ ഭയപ്പെട്ടു: ഈ സ്ഥലം എത്ര ഭയങ്കരം! ഇതു ദൈവത്തിന്റെ ആലയമല്ലാതെ മറ്റൊന്നല്ല; ഇതു സ്വർഗ്ഗത്തിന്റെ വാതിൽ തന്നേ എന്നു പറഞ്ഞു.

ഉല്പ. 28:18 യാക്കോബ് അതികാലത്തു എഴുന്നേറ്റു തലയണയായി വെച്ചിരുന്ന കല്ലു എടുത്തു തൂണായി നിർത്തി, അതിന്മേൽ എണ്ണ ഒഴിച്ചു.

ഉല്പ. 28:19 അവൻ ആ സ്ഥലത്തിന്നു ബേഥേൽ എന്നു പേർവിളിച്ചു; ആദ്യം ആ പട്ടണത്തിന്നു ലൂസ് എന്നു പേരായിരുന്നു.

ഉല്പ. 28:20 യാക്കോബ് ഒരു നേർച്ചനേർന്നു: ദൈവം എന്നോടുകൂടെ ഇരിക്കയും ഞാൻ പോകുന്ന ഈ യാത്രയിൽ എന്നെ കാക്കുകയും ഭക്ഷിപ്പാൻ ആഹാരവും ധരിപ്പാൻ വസ്ത്രവും എനിക്കു തരികയും

ഉല്പ. 28:21 എന്നെ എന്റെ അപ്പന്റെ വീട്ടിലേക്കു സൗഖ്യത്തോടെ മടക്കി വരുത്തുകയും ചെയ്യുമെങ്കിൽ യഹോവ എനിക്കു ദൈവമായിരിക്കും.

ഉല്പ. 28:22 ഞാൻ തൂണായി നിർത്തിയ ഈ കല്ലു ദൈവത്തിന്റെ ആലയവും ആകും. നീ എനിക്കു തരുന്ന സകലത്തിലും ഞാൻ നിനക്കു ദശാംശം തരും എന്നു പറഞ്ഞു.

2. റോമർ 8:34-ൽ നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നവൻ ക്രിസ്തുവാണ്, എന്നാൽ വാക്യം 26-ൽ നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നവൻ ആത്മാവാണ്.

റോമ. 8:34 കുറ്റംവിധിക്കുന്നവൻ ആർ? ക്രിസ്തു യേശു അത്രേ

മരിച്ചവൻ, അതിലുപരി, ഉയിർപ്പിക്കപ്പെട്ടവനും, ദൈവത്തിന്റെ വലത്തുഭാഗത്ത് ഉള്ളവനും, നമുക്കു വേണ്ടി പക്ഷവാദം ചെയ്യുന്നവനും.

റോമ. 8:26 അത്രയുമല്ല, നമ്മുടെ ബലഹീനതയിൽ നമ്മെ സഹായിക്കുവാൻ ആത്മാവും അപ്രകാരം തന്നെ പങ്കുചേരുന്നു, എന്തെന്നാൽ ഉചിതമാംവണ്ണം എന്തിനുവേണ്ടി പ്രാർഥിക്കേണം എന്ന് നാം അറിയുന്നില്ല, എന്നാൽ ആത്മാവുതാൻ ഉച്ചരിക്കുവാൻ കഴിയാത്ത ഞരക്കങ്ങളോടെ നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നു.

a. ഇവർ രണ്ട് പക്ഷവാദക്കാരല്ല, പിന്നെയോ കർത്താവായ ആത്മാവെന്ന ഒരുവനാണ്—2 കൊരി. 3:18.

2 കൊരി. 3:18 എന്നാൽ ഞങ്ങൾ എല്ലാവരും മൂടുപടം നീങ്ങിയ മുഖത്തോടെ, കർത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ നോക്കുകയും പ്രതിബിംബിക്കുകയും ചെയ്തുകൊണ്ട്, കർത്താവായ ആത്മാവിൽ നിന്നെന്നപോലെ, തേജസ്സിൽ നിന്ന് തേജസ്സ് പ്രാപിച്ച് അതേ സ്വരൂപത്തിലേക്ക് രൂപാന്തരപ്പെടുന്നു.

b. അവൻ നമുക്കുവേണ്ടി രണ്ടറ്റങ്ങളിൽ പക്ഷവാദം ചെയ്യുന്നു: ഒരറ്റത്ത് ഒരുപക്ഷേ നമുക്കുവേണ്ടി പക്ഷവാദം ആരംഭിച്ചുകൊണ്ട് അത് നമ്മിലുള്ള ആത്മാവാണ്; മറ്റേ അറ്റത്ത്, പ്രധാനമായും നാം അവന്റെ സ്വരൂപത്തോട് അനുരൂപപ്പെടുകയും അവന്റെ തേജസ്സിലേക്ക് കൊണ്ടുവരപ്പെടുകയും ചെയ്യുന്നതിന് ഒരുപക്ഷേ നമുക്കുവേണ്ടി പക്ഷവാദം പൂർത്തീകരിക്കുന്ന ദൈവത്തിന്റെ വലത്തുഭാഗത്തുള്ള കർത്താവായ ക്രിസ്തുവാണ്.

E. കഷ്ടത, പീഡ, ഉപദ്രവം, ക്ഷാമം, നഗ്നത, ആപത്ത്, വാൾ എന്നിവയുൾപ്പെടെയുള്ള ഒരു കഷ്ടവും നമ്മെ ക്രിസ്തുവിന്റെ സ്നേഹത്തിൽനിന്ന് വേർപെടുത്തുകയില്ല—റോമ. 8:35.

റോമ. 8:35 ക്രിസ്തുവിന്റെ സ്നേഹത്തിൽനിന്ന് നമ്മെ ആർ വേർപെടുത്തും? കഷ്ടതയോ പീഡയോ ഉപദ്രവമോ ക്ഷാമമോ നഗ്നതയോ ആപത്തോ വാളോ?

F. എല്ലാ കഷ്ടങ്ങളിലും നമ്മെ സ്നേഹിച്ച ക്രിസ്തു മുഖാന്തരം നാം അത്യധികം ജയം നേടുന്നു—വാ. 37:

റോമ. 8:37 എന്നാൽ നമ്മെ സ്നേഹിച്ചവനിലൂടെ ഈ സകല കാര്യങ്ങളിലും നാം അത്യധികം ജയം നേടുന്നു.

1. നമുക്കുവേണ്ടിയുള്ള ദൈവത്തിന്റെ മാറ്റമില്ലാത്ത സ്നേഹവും ക്രിസ്തു നമുക്കുവേണ്ടി സകലവും ചെയ്തിരിക്കുന്നു എന്ന വസ്തുതയും നിമിത്തം, കഷ്ടതയ്ക്കോ ഉപദ്രവത്തിനോ നമ്മെ അടിച്ചമർത്തുവാനോ പരാജയപ്പെടുത്തുവാനോ കഴിയുകയില്ല; മറിച്ച്, ഈ കാര്യങ്ങളിലെല്ലാം നമ്മെ സ്നേഹിച്ചവൻ മുഖാന്തരം നാം അത്യധികം ജയം നേടുന്നു.
2. ദൈവസ്നേഹമാണ് അവന്റെ നിത്യരക്ഷയുടെ ഉറവിടം; നമ്മെ വേർപെടുത്തുവാൻ യാതൊന്നിനും കഴിയാത്ത ഈ സ്നേഹം ക്രിസ്തുവിലാണ്, പരിശുദ്ധാത്മാവിലൂടെ നമ്മുടെ ഹൃദയങ്ങളിൽ അത് പകരപ്പെട്ടിരിക്കുന്നു—വാ. 38-39; 5:5; യിരെ. 31:3.

റോമ. 8:38 മരണത്തിനോ ജീവനോ ദൂതന്മാർക്കോ വാഴ്ച്ചകൾക്കോ ഇപ്പോഴുള്ള കാര്യങ്ങൾക്കോ വരുവാനുള്ള കാര്യങ്ങൾക്കോ ശക്തികൾക്കോ

റോമ. 8:39 ഉയരത്തിനോ ആഴത്തിനോ മറ്റേതെങ്കിലും ജീവിക്കോ, നമ്മുടെ കർത്താവായ ക്രിസ്തു യേശുവിലുള്ള ദൈവസ്നേഹത്തിൽനിന്ന് നമ്മെ വേർപെടുത്തുവാൻ സാധിക്കുകയില്ല എന്ന് എനിക്ക് ബോധ്യമായിരിക്കുന്നു.

റോമ. 5:5 പ്രത്യാശ നമ്മെ ലജ്ജിപ്പിക്കുന്നതുമില്ല, എന്തുകൊണ്ടെന്നാൽ ദൈവസ്നേഹം, നമുക്ക് നൽകിയിരിക്കുന്ന പരിശുദ്ധാത്മാവിലൂടെ നമ്മുടെ ഹൃദയങ്ങളിൽ ഒഴിച്ചിരിക്കുന്നു.

യിരെ. 31:3 യഹോവ ദൂരത്തുനിന്നു എനിക്കു പ്രത്യക്ഷമായി അരുളിച്ചെയ്തതു: നിത്യസ്നേഹംകൊണ്ടു ഞാൻ നിന്നെ സ്നേഹിച്ചിരിക്കുന്നു; അതുകൊണ്ടു ഞാൻ നിനക്കു ദയ ദീർഘമാക്കിയിരിക്കുന്നു.

3. ദൈവത്തിന്റെ രക്ഷയിൽ, ദൈവസ്നേഹം ക്രിസ്തുവിന്റെ സ്നേഹമായിത്തീർന്നിരിക്കുന്നു, അത് ക്രിസ്തുവിന്റെ കൃപ മുഖാന്തരം ദൈവത്തിന്റെ സമ്പൂർണ്ണ രക്ഷ നമ്മിൽ നിറവേറുന്നതുവരെ നമുക്കായി അനേകം ആശ്ചര്യകരമായ കാര്യങ്ങൾ ചെയ്യുന്നു—റോമ. 8:35; ഹോശേ. 11:4.

റോമ. 8:35 ക്രിസ്തുവിന്റെ സ്നേഹത്തിൽനിന്ന് നമ്മെ ആർ വേർപെടുത്തും? കഷ്ടതയോ പീഡയോ ഉപദ്രവമോ ക്ഷാമമോ നഗ്നതയോ ആപത്തോ വാളോ?

ഹോശേ. 11:4 മനുഷ്യപാശങ്ങൾകൊണ്ടു, സ്നേഹബന്ധനങ്ങൾകൊണ്ടു തന്നേ, ഞാൻ അവരെ വലിച്ചു; അവരുടെ താടിയെല്ലിന്മേലുള്ള നുകം നീക്കിക്കളയുന്നവനെപ്പോലെ ഞാൻ അവർക്കു ആയിരുന്നു; ഞാൻ അവർക്കു തീൻ ഇട്ടുകൊടുത്തു.

4. ഈ ആശ്ചര്യകരമായ കാര്യങ്ങൾ എല്ലാത്തരം വിപത്തുകളെക്കൊണ്ടും നമ്മെ ആക്രമിക്കുവാൻ ദൈവത്തിന്റെ ശത്രുവിനെ പ്രകോപിപ്പിക്കുന്നു, എന്നാൽ ക്രിസ്തുവിലുള്ള ദൈവസ്നേഹത്തോടുള്ള നമ്മുടെ പ്രതികരണം നിമിത്തം, ഈ ആക്രമണങ്ങൾ നമുക്ക് പ്രയോജനകരമായിരിക്കുന്നു; തന്മൂലം, നമ്മുടെ എല്ലാ കഷ്ടങ്ങളിലും വിപത്തുകളിലും നാം അത്യധികം ജയം നേടുന്നു—റോമ. 8:35-37, 28.

റോമ. 8:35 ക്രിസ്തുവിന്റെ സ്നേഹത്തിൽനിന്ന് നമ്മെ ആർ വേർപെടുത്തും? കഷ്ടതയോ പീഡയോ ഉപദ്രവമോ ക്ഷാമമോ നഗ്നതയോ ആപത്തോ വാളോ?

റോമ. 8:36 “നിന്റെ നിമിത്തം ദിവസം മുഴുവനും ഞങ്ങളെ മരണത്തിന് ഏൽപ്പിക്കുന്നു; അറുക്കുവാനുള്ള ആടുകളായി ഞങ്ങളെ കണക്കാക്കിയിരിക്കുന്നു” എന്ന് എഴുതിയിരിക്കുന്നതുപോലെ തന്നെ.

റോമ. 8:37 എന്നാൽ നമ്മെ സ്നേഹിച്ചവനിലൂടെ ഈ സകല

കാര്യങ്ങളിലും നാം അത്യധികം ജയം നേടുന്നു.

റോമ. 8:28 ദൈവത്തെ സ്നേഹിക്കുന്നവർക്ക്, തന്റെ ഉദ്ദേശ്യപ്രകാരം വിളിക്കപ്പെട്ടവർക്ക്, സകല കാര്യങ്ങളും നന്മയ്ക്കായി ഒന്നിച്ച് പ്രവർത്തിക്കുന്നു എന്ന് നാം അറിയുന്നു.